


# മലബാർ മേഖലയിലെ മനുഷ്യ – വന്യജീവി സംഘർഷങ്ങൾ:

KAU LIBRARY
809449
IR COF/WRS 2017

# പങ്കാളിത്ത ശില്പശാല

പശാലയിലെ സംവാദങ്ങളുടേയും
ർദ്ദേശങ്ങളുടേയും ക്രോഡീകരണം

തയ്യാറാക്കിയത് : ഡോ. എസ്. ഗോപകുമാർ

# മലബാർ മേഖലയിലെ മനുഷ്യ – വന്യജീവി സംഘർഷങ്ങൾ:

# ദ്വിദിന പങ്കാളിത്ത ശില്പശാല

ശില്പശാലയിലെ സംവാദങ്ങളുടേയും
നിർദ്ദേശങ്ങളുടേയും ക്രോഡീകരണം

തയ്യാറാക്കിയത്:

**ഡോ. എസ്. ഗോപകുമാർ**

പ്രൊഫ (ഫോറസ്റ്റ് മാനേജ്മെന്റ്), സംഘാടക സെക്രട്ടറി,
വനശാസ്ത്ര കോളേജ്

KAU LIBRARY
809469
OF/WRS 2017

**കേരള കാർഷിക സർവ്വകലാശാല**

വെള്ളാനിക്കര, തൃശൂർ

(www.kau.in)

809449

മലയാളം

**മലബാർ മേഖലയിലെ മനുഷ്യ – വന്യജീവി സംഘർഷങ്ങൾ :**
**ദ്വിദിന പങ്കാളിത്ത ശില്പശാല**

ഏപ്രിൽ 2017

കോപ്പികൾ : 100

പ്രസിദ്ധീകരിക്കുന്നത് :

ഡോ. എസ്. എസ്റ്റലിറ്റ
ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ
കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി
മണ്ണുത്തി – 680 651, തൃശൂർ

പ്രിന്റിംഗ് :
കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി പ്രസ്സ്
മണ്ണുത്തി – 680 651, തൃശൂർ

809449

KAUP 10/100/04/2017

# കേരള കാർഷിക സർവ്വകലാശാല

മെയിൻ കാമ്പസ്, വെള്ളാനിക്കര, കെ.എ.യു. പി.ഒ, തൃശ്ശൂർ 680 656, കേരള

**പ്രൊഫ. (ഡോ.) പി. രാജേന്ദ്രൻ**
**വൈസ് ചാൻസലർ**



## സന്ദേശം

പരിസ്ഥിതിയും പ്രകൃതിവിഭവങ്ങളും ഒരേപോലെ കടുത്ത വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ ഉയർന്നുവരുന്ന മറ്റൊരു സമസ്യയാണ് വർദ്ധിച്ച തോതിലുള്ള മനുഷ്യ-വന്യജീവി സംഘർഷങ്ങൾ. സ്വന്തം ആവാസവ്യവസ്ഥയിലെ പ്രതികൂല പരിണാമങ്ങൾ കാരണം കാടിനു പുറത്തേക്കിറങ്ങാൻ വന്യജീവികൾ നിർബന്ധിതരാകുമ്പോൾ ജീവനും സ്വത്തിനും ഇതുയർത്തുന്ന ഭീഷണി നേരിടാൻ നിർബന്ധിതമാകുകയാണ് മനുഷ്യസമൂഹം. അവശേഷിക്കുന്ന നമ്മുടെ ജൈവ വൈവിധ്യത്തെയും വനാതിർത്തികളിൽ വസിക്കുന്ന മനുഷ്യന്റെ ജീവിതമാർഗ്ഗങ്ങളെയും വിവേചനമില്ലാതെ സംരക്ഷിക്കുന്ന നടപടികളാണ് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കാൻ സ്വീകരിക്കേണ്ടത്. ഇരുകൂട്ടർക്കും അനുകൂലവും ഹാനികരമല്ലാത്തതുമായ മാർഗ്ഗങ്ങളിലൂടെ വനസമ്പത്തും മനുഷ്യന്റെയും വന്യജീവികളുടെയും ജീവനും സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകാനുള്ള പാത വെട്ടിത്തുറക്കേണ്ടത് ചിന്താശക്തിയുള്ള മനുഷ്യന്റെ തന്നെ കടമയാണ്. ഈ തിരിച്ചറിവിലൂന്നിയുള്ള ഒരു സമീപനമായിരുന്നു കേരള കാർഷിക സർവ്വകലാശാലയുടെ വനശാസ്ത്ര കോളേജിൽ സംഘടിപ്പിച്ച മനുഷ്യ-വന്യജീവി സംഘർഷങ്ങളെക്കുറിച്ചുള്ള ദ്വിദിന ശില്പശാല എന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ ശില്പശാലയിലുരുത്തിരിഞ്ഞ ആശയങ്ങളും നിർദ്ദേശങ്ങളും കേരള സമൂഹത്തിനുപകാരപ്പെടട്ടെയെന്ന് ആശംസിക്കുന്നു.

**പി. രാജേന്ദ്രൻ**

Phone : (O) 0487-2438002/0487-2371928 (R) 0487-2370439 Fax No: 91 487 2370019
E-mail : vc@kau.in; vicechancellorkau@gmail.com Web site : www.kau.edu
*Healthy Soils for a Healthy Life*



# അവതാരിക

വർദ്ധിച്ചരീതിയിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ അവശേഷിക്കുന്ന വനസമ്പത്തിന്റെയും വന്യജീവികളുടെയും സംരക്ഷണം ഏറെ പ്രാധാന്യമർഹിക്കുന്നു. കേരളത്തിലെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലത്തിൽ വനാതിർത്തികളിൽ വസിക്കുന്ന കർഷകരുടേയും മറ്റുള്ളവരുടേയും ജീവിതമാർഗ്ഗങ്ങൾ സംരക്ഷിക്കേണ്ടതും ഏറ്റവും പ്രാധാന്യമുള്ള ഒരു കാര്യമാണ്. വനാതിർത്തികൾ ലംഘിക്കാൻ നിർബന്ധിതരാകുന്ന വന്യമൃഗങ്ങൾ ഉണ്ടാക്കുന്ന കാർഷിക ആഘാതങ്ങൾ എങ്ങനെ ലഘൂകരിക്കാമെന്ന് വനപാലകരും വനശാസ്ത്രജ്ഞരും ജനപ്രതിനിധികളും ഒരുമിച്ചിരുന്ന് ചിന്തിച്ച് തുടർനടപടിൾ സ്വീകരിക്കേണ്ട ഒരു കാലിക പ്രശ്നം തന്നെയാണ്. WGDP-യുടെ സാമ്പത്തിക സഹായത്തോടെ വനശാസ്ത്ര കോളേജിൽ നടപ്പിലാക്കിവരുന്ന ഗവേഷണ പദ്ധതിയുടെ ഭാഗമായി ഈ വിഷയത്തിൽ സംഘടിപ്പിച്ച ദ്വിദിന ശില്പശാലയിലെ ആശയങ്ങളും പ്രശ്നപരിഹാര മാർഗ്ഗങ്ങളുമാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ നിർദ്ദേശങ്ങളെ പ്രായോഗികതലത്തിൽ പരീക്ഷിച്ചുനോക്കിയും, കൂടുതൽ പഠനവിധേയമാക്കിയും അതിലൂടെ നൂതനവും ശാശ്വതവുമായ പരിഹാര മാർഗ്ഗങ്ങളും ഉരുത്തിരിഞ്ഞു വരട്ടെ എന്ന പ്രതീക്ഷയോടെ ഈ റിപ്പോർട്ട് നിങ്ങളുടെ സമക്ഷം സമർപ്പിക്കുന്നു.

**ഡോ. കെ. വിദ്യാസാഗരൻ**
ഡീൻ, വനശാസ്ത്ര കോളേജ്
കെ.എ.യു., വെള്ളാനിക്കര
deanforestry@kau.in

# മലബാർ മേഖലയിലെ മനുഷ്യ – വന്യജീവി സംഘർഷങ്ങൾ: ദ്വിദിന പങ്കാളിത്ത ശില്പശാല

## ആമുഖം

വന്യജീവികൾ ഉൾപ്പെട്ട നമ്മുടെ ജൈവ സമ്പത്തിന്റെ അക്ഷയഖനിയാണ് വനങ്ങൾ. നിരന്തരമായ പരിശ്രമങ്ങളിലൂടെ ഈ സമ്പത്തിന്റെ ശോഷണത്തെ തടയിടാൻ ഏറെക്കുറെ നമുക്ക് സാധിച്ചിട്ടുണ്ട്. അന്യംനിന്നു പോകുമായിരുന്ന പല സസ്യ-പക്ഷി-മൃഗാദികളെയും നാം രക്ഷിച്ചു സംരക്ഷിച്ചിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളുടെയും സമീപനങ്ങളുടെയും അനുഭവജ്ഞാനത്തിന്റെയും ബലത്തിൽ ലോക രാഷ്ട്രങ്ങൾക്കുതന്നെ ജൈവവൈവിധ്യ സംരക്ഷണത്തിൽ ഒരു ഉത്തമ മാതൃകയായി മാറാൻ ഇന്ത്യക്കു കഴിഞ്ഞിരിക്കുന്നു എന്ന് അഭിമാനിക്കാം.

കേരളംപോലെ ആളോഹരി സ്ഥല ലഭ്യത കുറഞ്ഞ ഒരു സംസ്ഥാനത്ത് ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നിരവധി പ്രതിസന്ധികളെ നേരിടേണ്ടതായിട്ടുണ്ട്. ഇക്കാലത്തെ പ്രധാനപ്പെട്ട ഒരു വെല്ലുവിളി മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളാണ്. നിരവധി കാരണങ്ങളാൽ വനാതിർത്തികളിൽ വസിക്കുന്ന മനുഷ്യനും വന്യജീവികളും തമ്മിൽ സംഘർഷങ്ങൾ ഉടലെടുക്കുന്നു. മുൻകാലങ്ങളിൽ മനുഷ്യൻ വന്യജീവികളെ കൃഷിയിടങ്ങളിൽനിന്നും അകറ്റിനിർത്താൻ കൈക്കൊണ്ടിരുന്ന പല നടപടികളും ഇന്ന് അപ്രായോഗികമായിരിക്കുന്നു.

മാറിയ കാലഘട്ടത്തിന്റെ നിലപാടുകളനുസരിച്ച് പ്രയോഗതലത്തിൽ നടപ്പിൽ വരുത്താൻ പറ്റുന്ന ആശയങ്ങളാണ് നമുക്ക് ഇന്നാവശ്യം. വനാതിർത്തികളിൽ വസിക്കുന്ന മനുഷ്യന്റെയും ജൈവ സമ്പത്തിന്റെയും പ്രസക്തിയെ ഒരുപോലെ കണക്കിലെടുത്ത് നമുക്ക് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ എങ്ങനെ ലഘൂകരിക്കാം എന്ന് ചിന്തിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു. വർദ്ധിച്ചുവരുന്ന സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ കേരള സമൂഹത്തിൽ ജൈവവൈവിധ്യ സംരക്ഷണത്തിൽ വരും കാലങ്ങളിൽ അവലംബിക്കേണ്ട നൂതന മാതൃകകളെക്കുറിച്ചുള്ള ചർച്ചകൾക്കും ആശയ സംവാദങ്ങൾക്കും തുടക്കമിടേണ്ടത് അനിവാര്യമായി വരികയാണ്. മലയോര മേഖലയിലെ പല പ്രദേശങ്ങളിലും, പ്രത്യേകിച്ച് തൃശൂർ, പാലക്കാട്, വയനാട് ജില്ലകളിലെ വനാതിർത്തികളിൽ ഇത്തരം വർദ്ധിച്ചുവരുന്ന സംഘർഷങ്ങളെക്കുറിച്ച് ദൈനംദിന റിപ്പോർട്ടുകളാണ് വന്നുകൊണ്ടിരിക്കുന്നത് എന്ന കാര്യം നാം ഏവരും ഓർക്കുമല്ലോ.

ഇത്തരം സംഘർഷങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് ഒരു കൂട്ടായ ശ്രമം വേണ്ടതുണ്ട്. ഇത്തരമൊരു ചിന്തയുമായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂരിലെ വനശാസ്ത്രകോളേജ് മലബാർ മേഖലയിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ദ്വിദിന ശില്പശാല 2016 മാർച്ച് 15, 16 തിയ്യതികളിൽ നടത്തി. WGDP യുടെ സാമ്പത്തിക സഹായത്താൽ നടന്നുവരുന്ന ഗവേഷണ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ഈ ശില്പശാലയിൽ ചർച്ച ചെയ്യുകയും നിർദ്ദേശിക്കുകയും ചെയ്ത ആശയങ്ങളുടെ ക്രോഡീകരണം മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുവാനും ഈ വിഷയത്തെക്കുറിച്ച് ശാസ്ത്രീയമായി പഠനം നടത്തുവാനും ഏറെ സഹായകമാകും.

# ശില്പശാല കാര്യപരിപാടി സംഗ്രഹം

| | | |
|---|---|---|
| **സ്വാഗതം** | : | **ഡോ. കെ. വിദ്യാസാഗരൻ**<br>ഡീൻ, വനശാസ്ത്ര കോളേജ്, കെ.എ.യു.<br>(9447380709) |
| **അദ്ധ്യക്ഷപ്രസംഗം** | : | **ഡോ. സാജൻ കുര്യൻ**<br>ഗവേഷണ വിഭാഗം മേധാവി, കെ.എ.യു. |
| **ഉദ്ഘാടനം** | : | **ശ്രീ. പ്രമോദ് ജി. കൃഷ്ണൻ** ഐ.എഫ്.എസ്.<br>സി.സി.എഫ്. (വന്യജീവി വിഭാഗം) പാലക്കാട് |
| **മനുഷ്യ–വന്യജീവി സംഘർഷങ്ങൾ വെല്ലുവിളികൾ** | : | **ഡോ. പി. എസ്. ഈസ**<br>മുൻ മേധാവി, വനഗവേഷണ സ്ഥാപനം, പീച്ചി<br>(9446324070) |
| **മനുഷ്യ–വന്യജീവി സംഘർഷങ്ങൾ– നിലവിലെ നിയമങ്ങളും നയങ്ങളും** | : | **ശ്രീ. എം. ഐ. വർഗ്ഗീസ്**<br>ഐ.എഫ്.എസ്. (റിട്ട.)<br>(9447132603) |
| **മനുഷ്യ–വന്യജീവി സംഘർഷങ്ങൾക്ക് സാങ്കേതികവിദ്യയുടെ പങ്ക്** | : | **ഡോ. പി. ഒ. നമീർ**, പ്രൊഫ. & ഹെഡ്, വന്യജീവി വിഭാഗം,<br>വനശാസ്ത്ര കോളേജ്, കെ.എ.യു.<br>(9446573106) |
| **മനുഷ്യ–വന്യജീവി സംഘർഷങ്ങൾ– സാങ്കേതികവിദ്യ പരിഹാരങ്ങൾ** | : | **ഡോ. മണി ചെല്ലപ്പൻ**, പ്രൊഫ. & ഹെഡ്, എ.ഐ.സി.ആർ.പി.,<br>അഗ്രി. ഓർണിത്തോളജി വിഭാഗം, കെ.എ.യു.<br>(9447463522) |
| **അനുഭവം പങ്കിടൽ മനുഷ്യ–വന്യജീവി സംഘർഷങ്ങൾ – അനുഭവങ്ങൾ/ പരിഹാര മാർഗ്ഗങ്ങൾ** | : | **മലബാർ മേഖലയിലെ വനം വകുപ്പ് ഉദ്യോഗസ്ഥരും വന്യജീവി സംരക്ഷക പ്രവർത്തകരും**<br>(മോഡറേറ്റർ : **ഡോ. പി. ഒ. നമീർ**) |
| **മനുഷ്യ–വന്യജീവി സംഘർഷങ്ങൾ– പ്രശ്നങ്ങൾ, വെല്ലുവിളികൾ, സമീപനങ്ങൾ** | : | **മലബാറിലെ കൃഷി വികസന പ്രവർത്തകരും കർഷക പ്രതിനിധികളും** (മോഡറേറ്റർ: **ഡോ. പി. എസ്. ഗീതക്കുട്ടി**,<br>പ്രൊഫ. & ഹെഡ്, കാർഷിക സ്ത്രീപഠന കേന്ദ്രം, കെ.എ യു.)<br>(9447801236) |
| **പ്രവർത്തന സംഘങ്ങളുടെ റിപ്പോർട്ട് അവതരണവും ശില്പശാല തീരുമാനങ്ങളും** | : | **ഡോ. പി. എസ്. ഗീതക്കുട്ടി**<br>മേധാവി, കാർഷിക സ്ത്രീപഠന കേന്ദ്രം, കെ.എ.യു. &<br>**ഡോ. എ. വി. സന്തോഷ് കുമാർ**,<br>പ്രൊഫസർ, വനശാസ്ത്ര കോളേജ്, കെ.എ.യു.<br>(9447671897) |
| **ശില്പശാലയുടെ തീരുമാനങ്ങളുടെ അവതരണം** | : | **ഡോ. എസ്. ഗോപകുമാർ**<br>പ്രൊഫ. കെ.എ.യു., സംഘാടക സെക്രട്ടറി<br>(9447890860) |

## ശില്പശാലയിലെ പ്രസംഗങ്ങളുടേയും ചർച്ചകളുടേയും സംവാദങ്ങളുടേയും ക്രോഡീകരണം




മനുഷ്യ മനഃശാസ്ത്രം വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമുക്ക് മറ്റ് ജീവജാലങ്ങളുടെ മേലുള്ള സഹിഷ്ണുതയുടെ തോതും ക്രമാതീതമായി കുറഞ്ഞുവന്നിട്ടുണ്ട്. ഇതിന് മുഖ്യകാരണം വർദ്ധിച്ചുവരുന്ന നഗരവല്ക്കരണവും മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ ജീവിതശൈലിയുമാണ് എന്ന് ശില്പശാലയിൽ മുഖ്യപ്രഭാഷണം നടത്തിക്കൊണ്ട് ശ്രീ. പ്രമോദ് ജി. കൃഷ്ണൻ IFS, CCF (വന്യജീവി വിഭാഗം) അഭിപ്രായപ്പെട്ടു. മനുഷ്യനും വന്യജീവികളും തമ്മിലുള്ള ഇടപെടലുകളെ പോസറ്റീവ്, നെഗറ്റീവ്, ന്യൂട്രൽ എന്നിങ്ങനെ മൂന്നായി കാണാം. ഇതിലെ നെഗറ്റീവ് ഇടപെടലുകളായാണ് മനുഷ്യ-വന്യജീവി സംഘർഷങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നത്. പരിണാമ സിദ്ധാന്തം അനുസരിച്ച് മനുഷ്യരുൾപ്പടെയുള്ള ജീവജാലങ്ങൾ മറ്റു ജീവികളുടെ മേൽ ആധിപത്യം സ്ഥാപിക്കുവാനായി ശ്രമിച്ചുകൊണ്ടിരിക്കും. ഇത്തരം ആധിപത്യം സ്ഥാപിക്കൽ പിന്നീട് മനുഷ്യ-വന്യജീവി സംഘർഷത്തിന് വഴിയൊരുക്കുന്നു.

മനുഷ്യ-വന്യജീവി സംഘർഷങ്ങളെല്ലാം തന്നെ ഒരു ചെറിയ പ്രദേശത്ത് മാത്രം കേന്ദ്രീകരിച്ചുണ്ടാകുന്ന സമസ്യയല്ല. ഇന്ന് ഇതൊരു ആഗോള പ്രശ്നം തന്നെയാണ്. 2002-2012 കാലയളവിലെ, പല റിപ്പോർട്ടുകളും പരിശോധിക്കുമ്പോൾ ഇത്തരം സംഘർഷങ്ങളിലൂടെ കേരളത്തിൽ ജീവഹാനി നേരിടേണ്ടിവന്ന വന്യജീവികളുടെ എണ്ണം ഇപ്രകാരമാണ്- കടുവ-15, പാമ്പ്-119, മറ്റുള്ള മൃഗങ്ങൾ-150. അതേസമയം, മനുഷ്യ-വന്യജീവി സംഘർഷങ്ങളെക്കുറിച്ചുള്ള അവലോകനങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് സംഘർഷങ്ങളുടെ വർദ്ധനവ് മാത്രമല്ല, മറിച്ച് അവ റിപ്പോർട്ട് ചെയ്യുന്നതിന്റെ വർദ്ധനവും കൂടിയാണ് ഈ കാലഘട്ടത്തിൽ സംഭവിക്കുന്നത് എന്നതാണ്.




നവമാധ്യമങ്ങൾ ഇപ്പോൾ നിമിഷങ്ങൾക്കകം ഇത്തരം സംഭവങ്ങൾ പൊതുജനങ്ങൾക്കിടയിൽ എത്തിക്കുന്നു എന്ന വസ്തുതയും നാം ശ്രദ്ധിക്കണം. മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ അകപ്പെടുന്ന പ്രധാന വന്യജീവികൾ ആന, കടുവ, പുലി, കുരങ്ങ്, കാട്ടുപന്നികൾ, മാൻ എന്നിവയാണ്. കഴിഞ്ഞവർഷം (2015) ൽ മാത്രം ഏകദേശം എട്ട് കോടി രൂപയാണ് മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ പരിഹാരതുകയായി കേരളം ചിലവാക്കിയത്. ഇതിൽ തന്നെ രണ്ടര കോടി രൂപയോളം വയനാട് ജില്ലയിൽ മാത്രം വിതരണം ചെയ്തു.

ഈയിടെയായി കാട്ടുപന്നിയുടെ എണ്ണം ക്രമാതീതമായി കൂടിവരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. എൻഡോസൾഫാനും മറ്റു വീര്യംകൂടിയ കീടനാശിനികളുടെയും ഉപയോഗം മൂലവും മറ്റു പല കാരണങ്ങളാലും കാട്ടുനായ്ക്കളുടെയും കുറുക്കൻമാരുടെയും എണ്ണത്തിലുള്ള കുറവാണ് കാട്ടുപന്നിയുടെ സംഖ്യാവർദ്ധനവിനുള്ള ഒരു പ്രധാന കാരണം. വയനാട് ജില്ലയുടെ 40%-50% വരെയുള്ള ഭാഗങ്ങൾ

വനപ്രദേശങ്ങളാണ്. ഏകദേശം എഴുപതോളം കടുവകളാണ് ഈ പ്രദേശത്ത് കാണപ്പെടുന്നത്. കടുവകളുടെ എണ്ണം കൂടുന്നതനുസരിച്ച് വന വിസ്തൃതി കൂടുന്നില്ല, അതുകൊണ്ട് കടുവക ളിൽ പ്രായം കുറഞ്ഞവ പ്രായം കൂടിയവയേയും മറ്റു അവശത അനുഭവിക്കുന്ന കടുവകളേയും ആക്രമിക്കുന്നു. ക്രമേണ ഈ കടുവകൾ കാട്ടിൽ നിന്നും മാറി നിൽക്കുന്നതിനും നിർബന്ധിത രാകുന്നു. ഇങ്ങനെ പുറത്താക്കപ്പെടുന്ന കടു വകൾ മനുഷ്യവാസ പ്രദേശങ്ങളിലേക്ക് ഇരയും വെള്ളവും തേടി ഇറങ്ങുന്നു. ഇതാണ് വയനാട്ടിലെ കടുവ പ്രശ്നത്തിന്റെ പിന്നിലെ ശാസ്ത്രം.

വന്യജീവികളിൽ തന്റെ പരിസ്ഥിതിയോട് ഇണങ്ങിചേരുവാനുള്ള കഴിവ് ഏറ്റവും കൂടുത ലുള്ളത് പുലികൾക്കാണ്. മനുഷ്യവാസ പ്രദേശ ങ്ങൾക്ക് ഏറ്റവും അടുത്ത് വസിക്കുന്ന വന്യ ജീവിയും ഇവർ തന്നെയാണ്. പുലികൾക്കുള്ള മറ്റൊരു പ്രത്യേകത അവരെ അവരുടെ വാസ സ്ഥലത്തുനിന്നും മാറ്റിയാലും അവർ തൽസ്ഥാ നത്ത് തിരിച്ചെത്തുന്നതായി കണ്ടുവരുന്നു. പുലികൾ നായ്ക്കളേയും വേട്ടയാടി ഭക്ഷിക്കാ റുണ്ട്, അതിനാൽത്തന്നെ അലക്ഷ്യമായ മാലിന്യ നിർമ്മാർജ്ജനം നായ്ക്കളെ ആകർഷി ക്കുകയും അതുവഴി പുലികളെയും മനുഷ്യ വാസ പ്രദേശങ്ങളിലേക്ക് ആകർഷിക്കുന്നു.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരി ക്കുന്നതിന് നമുക്ക് കൈക്കൊള്ളാവുന്ന മാർഗ്ഗ ങ്ങൾ കൂടുതൽ കിടങ്ങുകൾ, സോളാർ വേലികൾ, മതിലുകൾ എന്നിവ നിർമ്മിക്കലാണ്. പക്ഷേ ഇവയെല്ലാം വളരെ ചിലവേറിയതും കുറച്ചുമാത്രം വിജയസാധ്യതയുള്ളതുമാണ്. മതിലുകളുടെ കാര്യത്തിൽ 1 കി.മീ. ന് 1.5 കോടി രൂപയോളം ചിലവാക്കേണ്ടതായി വരും, പ്രശ്നമുണ്ടാക്കുന്ന വന്യജീവികളെ മറ്റൊരു വാസസ്ഥലത്തേക്ക് മാറ്റുന്നതും വേണ്ടത്ര വിജയകരമാകുന്നില്ല. കൃഷിയിടത്തിനു ചുറ്റും നാരകം പോലുള്ള സസ്യങ്ങൾ വെച്ച് പിടിപ്പിച്ച് ജൈവവേലികൾ ഉണ്ടാക്കുകയും, ശാസ്ത്രീയമായ രീതിയിലുള്ള മാലിന്യ നിർമ്മാർജ്ജനവും, അനുയോജ്യമായ രീതിയിലുള്ള ഭൂമിയുടെ ഉപയോഗവും ഒരു പരിധിവരെ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കാനാകും എന്നതാണ് പഠനങ്ങൾ പറയു ന്നത്.

കേരള വനഗവേഷണ കേന്ദ്രത്തിന്റെ മുൻ മേധാവിയായിരുന്ന ഡോ. പി. എസ്. ഈസ മാനവ വന്യജീവി സംഘർഷവും വെല്ലുവിളി കളും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സും ചർച്ചയും നയിച്ചു. എ.ഡി. 1818 മുതൽ തന്നെ മനുഷ്യ-വന്യജീവി സംഘർഷത്തെക്കുറിച്ച് ചരിത്രത്തിൽ നിരവധി പരാമർശങ്ങൾ ഉണ്ടെന്ന് അദ്ദേഹം പറഞ്ഞു.




വർത്തമാന കാലത്തിൽ ഈ വിഷയത്തിന്റെ ഗൗരവം വിവിധ കണക്കുകളുടെയും ഗ്രാഫുക ളുടെയും അടിസ്ഥാനത്തിൽ അദ്ദേഹം ശില്പ ശാലയിൽ അവതരിപ്പിച്ചു. ആന, കടുവ, പുലി, കുരങ്ങ്, കാട്ടുപന്നി, പാമ്പുകൾ തുടങ്ങിയ വന്യ ജീവികൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെപ്പറ്റി അദ്ദേഹം വിവരിക്കുകയും തുടർന്ന് ഉയർന്നുവന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്തു. ആനയുടെ കാര്യത്തിൽ കൊമ്പൻമാരുടെ സംഘ മാണ് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു. ശരിയായ രീതിയിലുള്ള മാലിന്യ സംസ്കരണമാണ് കാട്ടുകുരങ്ങുകളെ മനുഷ്യവാസത്തിനരികിൽ നിന്ന് അകറ്റി നിർത്തു ന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം. എങ്കിലും ഈ മാർഗ്ഗത്തിന്റെ പ്രായോഗികത എത്രത്തോളം ഉണ്ടെന്ന് ഇതുവരെ കണ്ടെത്തിയിട്ടില്ല. കാടിന്റെ പ്രതീതിയുള്ള സ്ഥലങ്ങളിൽ പോലും ജീവിക്കാൻ കഴിയുന്ന കാട്ടുപന്നിക്ക്, പ്രത്യുൽപ്പാദനശേഷിയും വളരെ കൂടുതലാണ്. ഈ അവസ്ഥയിൽ വന പരിപാലനത്തിന്റെ ഭാഗമായി പ്രശ്നക്കാരായ

വന്യജീവികളുടെ എണ്ണം അതാതു സ്ഥലത്തെ Carrying Capacityക്ക് അനുസൃതമായി നിയന്ത്രിക്കേണ്ടതുണ്ട്. വന്യജീവികളോടുള്ള ജനങ്ങളുടെ സമീപനവും കാഴ്ചപ്പാടും വിശദമായി ചർച്ച ചെയ്യപ്പെട്ടു. മാധ്യമങ്ങളിലൂടെ വരുന്ന പല തെറ്റായ വാർത്തകൾ വന്യമൃഗങ്ങളോട് ജനങ്ങൾക്കുള്ള മനോഭാവത്തെ സ്വാധീനിക്കുന്നുണ്ട്. ഗുരുതര പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വന്യമൃഗങ്ങളെ നിയന്ത്രിക്കുന്നതിനായി അവയെമാത്രം തിരഞ്ഞുപിടിച്ച് ഉന്മൂലനം ചെയ്യുക, മാറ്റി പാർപ്പിക്കുക, തേനീച്ചക്കൂടുകൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രതിരോധം, വാച്ച് ടവർ നിർമ്മിക്കൽ, കിടങ്ങുകൾ നിർമ്മിക്കൽ, സൗരോർജ്ജവേലി, സാരികൊണ്ടുള്ള വേലി, വന്യജീവികളെ ഭയപ്പെടുത്താൻ ഉച്ചത്തിലുള്ള ശബ്ദങ്ങൾ പുറപ്പെടുവിക്കുക തുടങ്ങിയ മാർഗ്ഗങ്ങൾ പലയിടങ്ങളിൽ ഉപയോഗിച്ച് വരുന്നുണ്ട്. എല്ലാ മാർഗ്ഗങ്ങളും എല്ലാ സ്ഥലങ്ങളിലും പ്രായോഗികമല്ല. ഉദാഹരണമായി കെനിയയിൽ തേനീച്ച കൂടുകളുടെ ഉപയോഗം വിജകരമായിരുന്നു. എങ്കിലും ശ്രീലങ്കയിൽ ഇതൊരു പരാജയമായിരുന്നു. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കുന്നതിനായി ഒരളവുവരെ ഫലപ്രദമായ മാർഗ്ഗങ്ങളാണ് പെരുമ്പറ മുഴക്കലും വാച്ച് ടവറിലൂടെയുള്ള നിരീക്ഷണവും. സൗരോർജ്ജവേലി ഒരു ഫലപ്രദമായ മാർഗ്ഗമാണ്, എങ്കിലും അവയുടെ ശരിയായ രീതിയിലുള്ള തുടർ സംരക്ഷണം വളരെയധികം പ്രാധാന്യം അർഹിക്കുന്നു. എന്നാൽ നാട്ടുകാർ ഇവയെ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. ഫലപ്രദമായി ഈ വേലി നിലനിർത്തിപ്പോകുന്നതിനും വ്യക്തമായ ആസൂത്രണം ആവശ്യമാണ്. തൃശ്ശൂരുള്ള വാൽപ്പാറയിൽ SMS Alert ഒരു വിജയകരമായ പദ്ധതിയായിരുന്നു. ചർച്ചയുടെ അവസാനം ഫലപ്രദമായ രീതിയിലുള്ള വനപരിപാലനത്തിനും മനുഷ്യ-വന്യജീവി സംഘർഷങ്ങളെ നിയന്ത്രിക്കാൻ സാധിക്കും എന്ന ആശയം ഉരുത്തിരിഞ്ഞുവന്നു. ഇതിനായി അതാതു സ്ഥലത്തെ ശരിയായ വനപരിപാലന പദ്ധതികൾ തയ്യാറാക്കി പ്രയോഗത്തിൽ കൊണ്ടുവരണം. ഈ പദ്ധതികളിൽ പ്രശ്നങ്ങളെ മുൻഗണനാക്രമത്തിൽ തിരിക്കുന്നതിനായും, വിളകൾക്ക് ഇൻഷുറൻസ് നൽകുന്നതിനായും വേണ്ട തുക ഉൾക്കൊള്ളിക്കുകയും സംഘർഷങ്ങളെ ലഘൂകരിക്കാൻ ജനപങ്കാളിത്തത്തിന്റെ ആവശ്യകതയും, പ്രവർത്തന രീതികളും, ഫണ്ടിന്റെ വിതരണത്തേയും, അതാതിടങ്ങളിൽ കൈക്കൊള്ളേണ്ട വന നയത്തെയും കുറിച്ച് പ്രതിപാദിക്കുകയും വേണം. മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി സൈറൻ ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളും വൻ തോതിലുള്ള തേക്ക് തോട്ട നിർമ്മാണം കൊണ്ടുള്ള ഭക്ഷണ ലഭ്യതക്കുറവിനെക്കുറിച്ചുള്ള പ്രശ്നവും ഉന്നയിക്കപ്പെട്ടു.

മനുഷ്യ-വന്യജീവി സംഘർഷം-നിയമങ്ങളും നയങ്ങളും എന്ന വിഷയത്തെക്കുറിച്ച് മുൻ വനം വകുപ്പ് ഉദ്യോഗസ്ഥൻ ശ്രീ. എം. ഐ. വർഗ്ഗീസ്, IFS ക്ലാസ്സെടുത്തു. വന്യജീവി സംരക്ഷണ നിയമം-1972 ന്റെ സെക്ഷൻ 9-ന്റെ പ്രാധാന്യം അദ്ദേഹം ഉദാഹരണ സഹിതം വിവരിച്ചു. കുറ്റകൃത്യത്തിന്റെ നിർവ്വചനവും സെക്ഷൻ 2 ഉം വിശദമായി വിവരിച്ചു. കുരങ്ങ്, വെരുക്, മലയണ്ണാൻ എന്നിവ വന്യജീവി സംരക്ഷണ നിയമത്തിന്റെ ഷെഡ്യൂൾ മൂന്നിലും ആന, കടുവ, പുലി എന്നിവ ഷെഡ്യൂൾ ഒന്നിലും ഉൾപ്പെടുന്നു. കാട്ടുപന്നി മൂലമുണ്ടാകുന്ന കൃഷിനാശങ്ങൾ പാലക്കാട് ജില്ലയിലും മറ്റിടങ്ങളിലും വ്യാപകമാകുന്നുണ്ട്. കാട്ടുപന്നിയെ വന്യജീവി നിയമത്തിലെ "വെർമിൻ" എന്ന ഗണത്തിലേക്ക് മാറ്റണമെന്നും അതുമൂലം വേട്ടയാടലിലൂടെ എണ്ണം നിയന്ത്രണ വിധേയമാക്കണമെന്നുമുള്ള കർഷകരുടെ ആവശ്യപ്പെടൽ ഏറിവരുന്നു; എന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. മാറി വരുന്ന സാഹചര്യത്തിൽ നിലവിലുള്ള പല വനപരിപാലന നിയമങ്ങളും നയങ്ങളും ഫലവത്തുമല്ല, ഇത് പഠനവിധേയമാക്കണം. കൊല്ലുന്നതിനു മുമ്പ് പന്നി ഗർഭിണിയാണോ എന്നറിയാൻ മൂന്നു ദിവസം കാത്തിരിക്കണം എന്ന വ്യവസ്ഥ കർഷകർക്ക് കടുത്ത ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട് എന്ന് കർഷകർ വാദിച്ചു.








വയനാട്ടിലെ ആദിവാസി വിഭാഗമായ കുറിച്ച്യർക്കിടയിലുള്ള പാരമ്പര്യവേട്ട ആഘോഷമാണ് തുളളപ്പാത്ത്. വന്യമൃഗ വേട്ട ആഘോഷത്തിലെ ഒഴിച്ചുകൂടാനാവാത്ത ഘടകമായിരുന്നു. എന്നാൽ ഇന്ന് നിലവിലെ വനനിയമങ്ങൾ ഇതിന് അനുവദിക്കുന്നില്ല. ആഘോഷത്തിന്റെ ഭാഗമായി ഉണ്ടായിരുന്ന ഈ വേട്ട മൃഗങ്ങളുടെ ക്രമാതീതമായ സംഖ്യാവർദ്ധനവിനെ, പ്രത്യേകിച്ച് കാട്ടുപന്നിയുടെ അനിയന്ത്രിത വംശവർദ്ധനവ് തടയാനുള്ള ഒരു മാർഗ്ഗമായിരുന്നു എന്ന് കർഷകർ വാദിച്ചു. വർദ്ധിച്ചുവരുന്ന കാട്ടുപന്നിശല്യം മൂലം അവയെ ചില പ്രത്യേക കാലയളവിലെങ്കിലും വേട്ടയാടാനുള്ള അനുമതി തേടുകയാണ് നാട്ടുകാർ. സർക്കാർ അനുവദിക്കുമെങ്കിൽ കാട്ടുപന്നിയുടെ നിയന്ത്രണം തങ്ങൾക്കു സാധിക്കുമെന്നാണ് കർഷകരുടെ നിലപാട്.

തുടർന്ന് വനശാസ്ത്ര കോളേജിലെ വന്യജീവി വിഭാഗം മേധാവി, ഡോ. പി. ഒ. നമീർ മനുഷ്യനും ആനയും തമ്മിലുള്ള സംഘർഷ ലഘൂകരണ മാർഗ്ഗങ്ങൾ എന്ന വിഷയം അവതരിപ്പിച്ച് ചർച്ച നടത്തി. മനുഷ്യ-വന്യജീവി സംഘർഷ നിയന്ത്രണത്തിനായി നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനെ പറ്റിയും അദ്ദേഹം വിശദീകരിച്ചു. കിടങ്ങുകൾ ഒരു പരിധിവരെ ഫലവത്താണ് എന്നാൽ അവയ്ക്ക് കൃത്യമായ മേൽനോട്ടം ആവശ്യമാണ്.

Elephant Proof Rail Fence (ചിത്രം കാണുക) സംഘർഷങ്ങൾ ഉണ്ടാക്കുന്ന കാട്ടാനകളെ നിയന്ത്രിക്കുന്നതിനുള്ള വളരെ ഫലവത്തായ, അധികച്ചിലവില്ലാത്ത ഒരു മാർഗ്ഗമാണ്. റെയിലുകൾക്ക് ഇടയിൽ നെറ്റ് വയ്ക്കുന്നതിലൂടെ ചെറിയ മൃഗങ്ങളുടെ കടന്നു കയ്യേറ്റവും നിയന്ത്രിക്കാം. ആഫ്രിക്ക കൂടാതെ നമ്മുടെ അന്യസംസ്ഥാനങ്ങളായ കർണ്ണാടക, ഝാർഖണ്ഡ് എന്നീ ഇടങ്ങളിൽ ഇത് ഉപയോഗത്തിലുണ്ട്. ഇത്തരത്തിലുള്ള സ്ഥിരമായ തടസ്സം ആനകളെ പുതിയ വഴികൾ കണ്ടെത്താൻ പ്രോത്സാഹിപ്പിക്കും എന്നത് ഇതിന്റെ ഒരു ദോഷവശമാണ്. റെയിൽ ഫെൻസിന്റെ നിർമ്മാണത്തിനു മുമ്പ് വേലിയുടെ ശക്തി നിർണ്ണയിക്കേണ്ടത് അത്യാവശ്യമാണ്. ഓരോ ഒമ്പതു മീറ്ററിന്റെ വ്യത്യാസത്തിൽ ഒരു റെയിൽ റാഡ് കുത്തനെ വയ്ക്കേണ്ടതുണ്ട്. ഇതിലൂടെ വൈദ്യുതി കടത്തിവിട്ടും ഈ വേലി കൂടുതൽ ഫലവത്താകാൻ സാധിക്കും. എന്നാൽ ഇത് പണച്ചിലവ് കൂടുതലുള്ള മാർഗ്ഗമാണ്. കൂടാതെ ആനകൾ അവയുടെ കൊമ്പുപയോഗിച്ച് ഈ പ്രതിബന്ധം മറികടക്കാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല.



തുടർന്ന് വന്യമൃഗ പ്രശ്നങ്ങളും പരിഹാരവും എന്ന വിഷയത്തിൽ ചർച്ചാക്ലാസ്സെടുത്തത് ഹോർട്ടിക്കൾച്ചർ കോളേജ് പ്രൊഫ. ഡോ. മണി ചെല്ലപ്പനാണ്. കൃഷിയിടങ്ങളിൽ നാശമുണ്ടാക്കുന്ന മൂന്ന് പ്രധാന വന്യജീവികളായ കാട്ടുപന്നി, മയിൽ, മാൻ എന്നിവയുടെ നിയന്ത്രണ മാർഗ്ഗങ്ങളാണ് അദ്ദേഹം വിവരിച്ചത്. നവീനമായ നൈലോൺ വേലി, സ്വയം പൊട്ടുന്ന പടക്കങ്ങൾ BoRep olfactory repellant എന്നിവയാണ് കാട്ടുപന്നിയെ നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ. BoRep എന്നത് ഏഴു രാസവസ്തുക്കളുടെ ഒരു മിശ്രിതമാണ്, ഒരു മാസംവരെ ഇതിന്റെ വീര്യം നിലനിൽക്കും. മഴ BoRep ന്റെ വീര്യം കുറയ്ക്കും. ഈ രാസവസ്തു മിശ്രിതം കുരങ്ങിനെ നിയന്ത്രിക്കാനും ഉപയോഗിക്കാവുന്നതാണ്. മയിലിനെ നിയന്ത്രിക്കുന്നതിനായി നൈലോൺ കയറും ലോഹ റിബ്ബണും, ടിനെറ്റും ഉപയോഗിച്ചുള്ള ഭൗതിക തടസ്സങ്ങൾ നിർമ്മിക്കാവുന്നതാണ്. ബണ്ട് വേലിയും ഉപയോഗിക്കാവുന്നതാണ്.




മ്ലാവിനെ നിയന്ത്രിക്കാനുള്ള രാസവസ്തുവാണ് Dee Rep. 50 ml Dee Rep, 1 ലിറ്റർ കലക്കി ഉണ്ടാക്കുന്ന മിശ്രിതം അതിർത്തിയിലുള്ള മരങ്ങളിൽ തുണിചുറ്റിയതിനുശേഷം അതിലേക്ക് തളിക്കുകയാണ് ചെയ്യുന്നത്. ഒരാഴ്ചയ്ക്കു ശേഷം വീണ്ടും തളിച്ചുകൊടുക്കണം. Dee Rep ന്റെ വില ലിറ്ററിന് 500 രൂപയാണ് പക്ഷേ ഏറ്റവും വലിയ പോരായ്മ ഇത് ഒരു താൽക്കാലിക നിയന്ത്രണം ആണെന്നുള്ളതാണ്. ഏകദേശം 1800 രൂപയാണ് നൈലോൺ നെറ്റിനായി ഒരേക്കറിൽ വേണ്ടിവരുന്നത്. വീണ്ടും ഉപയോഗിക്കാം എന്നതും ആരോഗ്യത്തിനു ദോഷകരമല്ല എന്നുള്ളതും ഇതിന്റെ ഗുണങ്ങളാണ്. എന്നിരുന്നാലും കാട്ടുപന്നി, കുരങ്ങ്, എലി വർഗ്ഗങ്ങൾ എന്നിവയെ നിയന്ത്രിക്കാൻ ഏറ്റവും ഫലപ്രദമായ മാർഗ്ഗം BoRep ന്റെ ഉപയോഗമാണ്. Bio Acoustic എന്ന വിദ്യയും മൃഗ നിയന്ത്രണത്തിനു ഉപയോഗിക്കാം. വന്ധീകരണവും മൃഗനിയന്ത്രണത്തിന് ഉപയോഗിക്കുന്നുണ്ട്.



## വിഷയം തിരിച്ച് നടത്തിയ സംഘചർച്ചകൾ

മനുഷ്യ-വന്യജീവി സംഘർഷത്തെക്കുറിച്ചുള്ള ദ്വിദിന ശില്പശാലയുടെ ഭാഗമായുള്ള ഗ്രൂപ്പ് ചർച്ചകളിൽ പ്രധാനമായും വന്യജീവികളെ അകറ്റിനിർത്താൻ ജനപങ്കാളിത്തത്തിന്റെ പ്രസക്തി, വന്യമൃഗങ്ങൾ കാരണം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് വികസന വകുപ്പുകളിൽനിന്ന് ഉണ്ടാകേണ്ട പ്രശ്നപരിഹാര സമീപനം, വന്യമൃഗങ്ങളുടെ ഇടപെടലുകളും പ്രശ്നങ്ങളും കുറയ്ക്കാൻ നിയമനിർമ്മാണം, വന്യമൃഗങ്ങളെ അകറ്റിനിർത്തൽ - നാട്ടറിവുകളും നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പരിഹാര മാർഗ്ഗങ്ങൾ എന്നീ നാല് വിഷയങ്ങളെപ്പറ്റിയാണ് ചർച്ച പുരോഗമിച്ചത്. വന്യജീവികളെ അകറ്റി നിർത്താൻ ജന പങ്കാളിത്തത്തിന്റെ



പ്രസക്തി എന്ന വിഷയത്തെക്കുറിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തന പരിപാടികളുടെ സമഗ്രമായ രൂപരേഖ തയ്യാറാക്കാനും പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കാനും ശക്തമായ നിർദ്ദേശങ്ങൾ വന്നു. ഈ ജാഗ്രതാ സമിതികളിൽ കർഷകർ, വി.എസ്.എസ്., തൃതല പഞ്ചായത്ത് പ്രതിനിധികൾ, വനം വകുപ്പ് പോലീസ് എന്നിവയിലെ ഉയർന്ന ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പ്രതിനിധികൾ, ആദിവാസികൾ എന്നിവരെ ഉൾപ്പെടുത്തണം. ഇത്തരം സമിതികൾ മാസത്തിൽ ഒരിക്കലെങ്കിലും അവലോകന യോഗം കൂടേണ്ടതാണ്. വനജാഗ്രതാ സമിതികൾ നിലവിൽ എവിടെയെങ്കിലും ഉണ്ടെങ്കിൽ അതാതു ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മുൻകാല പ്രവർത്തനങ്ങളുടെ മോണിറ്ററിംങ് നടത്തി അതിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കണം. വനം-വന്യജീവി പരിപാലനത്തെക്കുറിച്ച് ശാസ്ത്രീയമായ ബോധവൽക്കരണം പഞ്ചായത്ത് തലത്തിൽ അത്യാവശ്യമാണ് എന്ന് ഗ്രൂപ്പ് അംഗങ്ങൾ നിർദ്ദേശിച്ചു.



കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (KILA) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ പാഠ്യവിഷയമാക്കണം, ഇതിനായ് വനശാസ്ത്ര കോളേജ് മുൻ കൈയ്യെടുക്കണം. പഞ്ചായത്തുകളിലെ ജനപ്രതിനിധികളെ ഈ വിഷയത്തിൽ പരിജ്ഞാനവും പരിശീലനവും നൽകാനുള്ള പാഠ്യപദ്ധതികൾ കിലയും വനശാസ്ത്ര കോളേജും ചേർന്ന് നടപ്പിലാക്കണം. എല്ലാ സംഘർഷ ബാധിത മേഖലയിലും കൂടുതൽ കാവൽമാടങ്ങൾ നിർമ്മിക്കുകയും ഇവയിൽ പ്രത്യേകം പരിശീലനം ലഭിച്ച ആളുകളുടെ കാവൽ ഏർപ്പെടുത്തുകയും വേണം. അത്യാവശ്യഘട്ടങ്ങളിൽ വന്യമൃഗങ്ങളെ വെടിവെക്കുന്നതിനുള്ള അനുവാദം നൽകുന്ന കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കണം; കൂടാതെ, വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് സംഘർഷങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം.



വന്യമൃഗങ്ങൾ കാരണം ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് വികസന വകുപ്പുകളിൽനിന്ന് ഉണ്ടാകേണ്ട പ്രശ്നപരിഹാര സമീപനങ്ങൾ ആയിരുന്നു ചർച്ചചെയ്യപ്പെട്ട മറ്റൊരു വിഷയം. നിലവിൽ ലഭിക്കുന്ന നഷ്ടപരിഹാര തുക പര്യാപ്തമല്ല എന്നതായിരുന്നു പ്രബലമായ ഒരു വാദം. നൂറു ശതമാനം നഷ്ടപരിഹാരം നൽകുന്നതിനു വ്യവസ്ഥകളുണ്ടാകണം എന്ന ആവശ്യം ശക്തമായി ഉന്നയിക്കപ്പെട്ടു. വന്യമൃഗങ്ങൾ മൂലം കുടുംബത്തിലെ ഒരംഗത്തിന് ജീവഹാനി സംഭവിച്ചാൽ ആ കുടുംബത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും സർക്കാർ ഏറ്റെടുക്കണമെന്ന് നിർദേശിക്കപ്പെട്ടു. ഇതിനുവേണ്ടി പ്രാദേശിക സർക്കാർ തലത്തിലും സംസ്ഥാന സർക്കാർ തലത്തിലും ഒരു കോർപ്പസ് ഫണ്ട് സ്വരൂപിക്കണം. പുനരധിവാസ പദ്ധതികൾ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ശാസ്ത്രീയമായി നടപ്പാക്കണം. സംഘർഷങ്ങൾ ലഘൂകരിക്കാൻ ഉതകുന്ന നൂതന സാങ്കേതിക വിദ്യകൾ സംഘർഷ മേഖലയിൽ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടനടി നടപ്പിൽ വരുത്തണം. വിളകൾക്കും കന്നുകാലികൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തണം. ഇൻഷുറൻസ് മാനദണ്ഡങ്ങൾ ഇതിനനുസൃതമായി രൂപപ്പെടുത്തുന്നതിനായി ഒരു പ്രത്യേക കമ്മിറ്റി രൂപീകരിക്കണം. കർഷകരെ സംഘടിപ്പിച്ച് അവരുടെ പ്രശ്നങ്ങൾ ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടാൻ മുൻകൈയ്യെടുക്കണം. സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് പോലീസിന്റെ കൂടി സേവനം വനം വകുപ്പിനും പഞ്ചായത്തുകൾക്കും ലഭ്യമാക്കണം. വൈദ്യുതിവേലിയ്ക്ക് സബ്സിഡി ഏർപ്പെടുത്തുക എന്നതാണ് മറ്റൊരു നിർദ്ദേശം. ഓരോ കൃഷിയിടത്തിനു ചുറ്റും വൈദ്യുതിവേലികൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകണം. കർഷകർ തന്നെ ഈ വേലികളുടെ പരിപാലനം ചെയ്തുകൊള്ളും എന്നതാണ് ഈ രീതിയുടെ പ്രധാന ഗുണം.



വന്യമൃഗങ്ങളുടെ ഇടപെടലുകളും പ്രശ്നങ്ങളും കുറയ്ക്കാൻ നിയമനിർമ്മാണം എന്ന വിഷയത്തെക്കുറിച്ച് നടത്തിയ ചർച്ചയിൽ കാട്ടുപന്നി, കുരങ്ങ് എന്നിവയെ മാറിയ കാലത്തിന്റെ ആവശ്യമനുസരിച്ചെങ്കിലും വെർമിൻ പട്ടികയിൽ ഉൾപ്പെടുത്തണം എന്ന നിർദ്ദേശം വന്നു. ടൂറിസം വന്നതോടെ പരിസര മലിനീകരണം അനിയന്ത്രിതമായി. ഇത് കാട്ടുപന്നി, കുരങ്ങ് എന്നിവയുടെ വളർച്ചാനിരക്ക് കൂട്ടി. അതുകൊണ്ട് സംഘർഷ മേഖലകളിൽ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിന് ഊർജ്ജിതമായ നടപടികൾ എടുക്കണം. മാലിന്യ നിർമ്മാർജ്ജനത്തിനായി കളക്ടറുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ പഞ്ചായത്ത് തലത്തിൽ ക്യാമ്പയിൻ സംഘടിപ്പിക്കണം. ഇതിൽ ശുചിത്വ മിഷനെ പങ്കെടുപ്പിക്കാം. പ്ലാസ്റ്റിക് മലിനീകരണം കുറയ്ക്കാൻ കർശനമായ മോണിറ്ററിംഗ് ഏർപ്പെടുത്തണം. ടൂറിസം ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ സഹകരണം ഇക്കാര്യങ്ങളിൽ ഉറപ്പുവരുത്തണം. എല്ലാ വനസർക്കിളുകളിലും വന്യജീവി പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കണം. വന്യമൃഗങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ എടുക്കണം. അതിനുവേണ്ടി പരമ്പരാഗതമായ അറിവുകളെകൂടി പ്രയോജനപ്പെടുത്തണം. നൂതന സാങ്കേതിക വിദ്യകൾ (Satellite monitoring) ഉപയോഗിച്ചുകൊണ്ട് വന്യജീവികളുടെ കണക്കെടുപ്പ് നടത്തി വന്യജീവി പരിപാലന പ്രക്രിയകൾ നടപ്പിലാക്കണം. വന്യജീവികളുടെ കടന്നുവരവും സാന്നിധ്യവും അറിയിക്കുന്ന അലാറം സംവിധാനം സംഘർഷ മേഖലകളിൽ സ്ഥാപിക്കണം.



തോക്കിന്റെ ലൈസൻസ്, പ്രത്യേകിച്ച് സംഘർഷ മേഖലകളിൽ, ലഭിക്കുന്നതിനുള്ള കാലതാമസം കുറയ്ക്കണം. കാർഷികാവശ്യത്തിന് തോക്ക് അനുവദിക്കണം. സംഘർഷ മേഖലകളിൽ കൂടുതൽ സൗരോർജ്ജ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. ഈ മേഖലകളിൽ വന്യജീവികളെ അകറ്റി നിർത്തുന്നതിനായി പാരമ്പര്യ കൃഷിരീതികൾ നടപ്പിലാക്കി നോക്കണം. റേഡിയോ ടെലിമെട്രിപോലുള്ള സാങ്കേതിക വിദ്യകളുടെ ഉപയോഗം വന്യജീവി പരിപാലനത്തിന് പ്രയോജനപ്പെടുത്തണം. മറ്റു സംസ്ഥാനങ്ങൾ വിജയകരമായി നടപ്പിൽ വരുത്തിയ സംഘർഷ ലഘൂകരണ മാർഗ്ഗങ്ങൾ കേരളത്തിലും നടപ്പിൽ വരുത്തണം. ശില്പശാലയിൽ പങ്കെടുത്തവരുടെ ഒരു കൂട്ടായ്മ ഉണ്ടാക്കി അറിവുകളും അനുഭവങ്ങളും പരസ്പരം കൈമാറ്റം ചെയ്യണം എന്ന നിർദേശവും ഉയർന്നുവരുകയുണ്ടായി.



വന നശീകരണംമൂലം വന്ന ആഹാര ദൗർലഭ്യം കാരണമാണ് മൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നതെന്ന വാദത്തിനെത്തുടർന്ന് വനാതിർത്തിക്കുള്ളിൽ തന്നെ വന്യജീവികൾക്ക് ആവശ്യത്തിനുള്ള ഇരകളും, സസ്യങ്ങളും, പഴങ്ങളും, വെള്ളവും, കിഴങ്ങുകളും ലഭ്യമാക്കിയാൽ വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് ഒരു പരിധിവരെ തടയാൻ സാധിക്കും എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടു. കാലാവസ്ഥാവ്യതിയാനം മുളകളുടെ നിലനില്പിന് ഇന്നു ഭീഷണിയാണ്. ഇതു കാട്ടാനകളെ സ്വാധീനിക്കുന്നുണ്ട്. കാട്ടിൽ സുലഭമായി പുല്ലും ഇല്ലിയും വളരുന്നതിന് അനുയോജ്യമായ സാഹചര്യം ഒരുക്കണം. കാട്ടിൽ മുളയരി വിതറുക വഴി പുതിയ മുളങ്കൂട്ടങ്ങൾ ഉണ്ടാക്കിയെടുക്കാം. ആന കാടിറങ്ങുന്നത് ഒഴിവാക്കാൻ ഇത് വളരെ സഹായകമാകും എന്നാണ് ഒരു പക്ഷം.

കള സ്വഭാവമുള്ള സസ്യങ്ങൾ ഇന്ന് കാടുകളിൽ കൂടുതലായി കണ്ടുവരുന്നു. ഇതിൽ പ്രധാനമായവ സെന്ന *(Senna spectabilis)*, കമ്മ്യൂണിസ്റ്റ് പച്ച *(Chromolaena odorata)*, അരിപ്പൂ *(Lantana camara)* എന്നിവയാണ്. അരിപ്പൂ കാട്ടുപന്നിയുടെ പ്രജനനത്തിനുവേണ്ട സുരക്ഷാ താവളം കാലാകാലങ്ങളിൽ ഒരുക്കിക്കൊടുക്കുന്നു. ഇത്തരം സസ്യങ്ങൾ വനത്തിൽ നിന്ന് ഉന്മൂലനം ചെയ്യാൻ അനുയോജ്യമായ നടപടികൾ എടുക്കേണ്ടത് അത്യാവശ്യമാണ്.

മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള കർഷക പങ്കാളിത്ത തന്ത്രങ്ങളെക്കുറിച്ച് ഡോ. പി. കെ. അബ്ദുൾ ജബ്ബാർ ക്ലാസ്സെടുത്തു. അദ്ദേഹം കാടിനുള്ളിലെ ബഫ്ഫെർ ഫാം എന്ന ആശയം മുന്നോട്ടുവച്ചു. മനുഷ്യ-വന്യജീവി ഇടപെടലുകളിൽ ഏറ്റവും ഹാനികരമായത് നെല്ല്, വാഴ, കിഴങ്ങ്, സുഗന്ധവ്യഞ്ജനങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങളാണ്. വനങ്ങളിൽ വർഷങ്ങൾക്കുമുൻപ് വച്ചുപിടിപ്പിച്ച ചില മരങ്ങൾ കാട്ടിലെ തനതു സസ്യങ്ങളുടെയും കുറ്റിച്ചെടികളുടെയും വളർച്ച തീർത്തും നാമാവശേഷമാക്കിയെന്ന് കർഷകർ അഭിപ്രായപ്പെട്ടു. കാട്ടിലെ അകേഷ്യ മരങ്ങളുടെ എണ്ണ വർദ്ധനവ്, ജലക്ഷാമം, തേക്കിലയുടെ കുറഞ്ഞ ചീയൽ തോത്, മൃഗങ്ങൾ ഭക്ഷണമായി ഉപയോഗിച്ചിരുന്ന കിഴങ്ങുവർഗ്ഗങ്ങൾ, ഫലങ്ങൾ എന്നിവയുടെ ലഭ്യത കുറഞ്ഞതായി നാലിടങ്ങളിലെ പങ്കാളിത്ത ഗ്രാമീണ അവലോകനത്തിലൂടെ മനസ്സിലാക്കാൻ സാധിച്ചു എന്ന് അദ്ദേഹം പറഞ്ഞു. ഇതിനാൽ ഒരു ബഫ്ഫെർ ഫാം എന്ന ആശയം

വന്യജീവികളെ കൃഷിയിടങ്ങളിൽനിന്നും അകറ്റിനിർത്താനായി കർഷക പങ്കാളിത്ത ഗ്രാമീണ അവലോകനത്തിലൂടെ നടപ്പിലാക്കണം. കാടിനോട് ചേർന്ന കുറച്ചു പ്രദേശം മൃഗങ്ങളെ കൂടുതലായി ആകർഷിക്കുന്ന ഫലങ്ങളും പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും നടുന്നതിനുള്ള ബഫ്ഫെർ ഫാമായി മൃഗങ്ങൾക്കുവേണ്ടി കർഷകരുടെ സഹായത്തോടെ നിലനിർത്താം.




**ബഫ്ഫെർ ഫാമിനായി ഗോത്രവിഭാഗങ്ങളുടെ സ്വയം സഹായ സംഘ രൂപീകരണം**

ബഫ്ഫെർ ഫാമിന്റെ നടത്തിപ്പ് പ്രാദേശിക ഗോത്രവിഭാഗങ്ങളാൽ ഉറപ്പുവരുത്താം. ഇതിനായി രൂപപ്പെടുത്തുന്ന സ്വയം സഹായ സംഘത്തിലുള്ള അംഗങ്ങൾക്ക് മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് കാരണമാകുന്ന മൃഗങ്ങളുടെ കൃഷിയിടങ്ങളിലേക്കും നെൽവയലുകളിലേക്കും ഉള്ള സഞ്ചാര സ്വഭാവങ്ങളുടെ പ്രാഥമിക വിവരം ഉണ്ടാകണം. കൃഷിയിടങ്ങളിൽനിന്ന് മൃഗങ്ങളെ അകറ്റിനിർത്താൻ ഇതു സാധിക്കും. ബഫ്ഫെർ ഫാമിൽ മനുഷ്യനും വന്യജീവികളും തമ്മിലുള്ള സമരസപ്പെടലുകൾ നിരന്തരം അവലോകനം ചെയ്യാവുന്നതാണ്. ഈ ഇടപെടലുകൾ വനം-വന്യജീവി വകുപ്പ്, കൃഷിവകുപ്പ്, തദ്ദേശ സ്വയംഭരണ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്തമായ ഒരു സംഘം അവലോകനം ചെയ്തുകൊണ്ടിരിക്കണം.

**MGNREGA, RID-NABARD പദ്ധതികളുമായി ബന്ധിപ്പിക്കൽ**

ഈ ബഫ്ഫെർ ഫാമുകളുടെ സുസ്ഥിര പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി നിലവിൽ നടന്നുകൊണ്ടിരിക്കുന്ന MGNREGA, RID-NABARD പദ്ധതികളുമായി ബന്ധപ്പെടുത്താനാകും. തുച്ഛമായ തുകയിൽ നിർമ്മിക്കാവുന്ന കുളങ്ങൾ ഈ ബഫ്ഫെർ ഫാമിൽ നിർമ്മിക്കുന്നതിലൂടെ ജലത്തിനായി മൃഗങ്ങൾ കൃഷിയിടങ്ങളിൽ വരുന്നത് നിയന്ത്രിക്കാം. സിമന്റിൽ മുക്കിയ ചണം ചാക്ക് ഉപയോഗിച്ചുള്ള ചിലവില്ലാത്ത ചെറുകുളങ്ങൾ കാടിനുള്ളിൽ നിർമ്മിച്ച് ജലം കൂടുതൽ നാൾ നിലനിർത്താനാകും. രാമച്ചംപോലുള്ള സസ്യങ്ങൾ നടുന്നതിലൂടെ മണ്ണ്, ജലം തുടങ്ങിയവയുടെ ഒഴുക്ക് ക്രമീകരിക്കാൻ സാധിക്കും.

**തേക്കിലയുടെ മണ്ണിലെ അഴുകൽ തോതിന്റെ പഠനങ്ങൾ**

വനപ്രദേശങ്ങളിൽ കൂടുതലായി വളർന്നു കാണുന്ന, മുൻപ് വച്ചുപിടിപ്പിച്ചിട്ടുള്ള തേക്കുതോട്ടങ്ങൾ മറ്റു മരങ്ങളുടെയും സസ്യങ്ങളുടെയും വളർച്ചയ്ക്ക് ദോഷകരമാവുകയും, ഇവയുടെ ഇലകളുടെ കുറഞ്ഞ അഴുകൽ പ്രക്രിയമൂലം മണ്ണിലേക്കുള്ള ജല ലഭ്യത കുറയ്ക്കുകയും ചെയ്യുന്നു എന്ന് പങ്കാളിത്ത ഗ്രാമീണ അവലോകനത്തിൽ കർഷകർ ഉന്നയിച്ച ഒരു പ്രധാന കാരണമാണ്. ഇതിനെ ആസ്പദമാക്കി ഒരു പഠനം കർഷകരുടെ ആകുലതയെ നീക്കുന്നതിന് ഗുണം ചെയ്യും.



### പ്രശ്നബാധിത പ്രദേശങ്ങളിലെ കാർഷിക വൃത്തിക്ക് ഒരു സാമ്പത്തിക സഹായം

പ്രതിസന്ധികൾ അഭിമുഖീകരിക്കുന്ന വന പ്രദേശങ്ങളിലെ കർഷകർക്ക് ഇന്നത്തെ സാഹചര്യത്തിൽ 'റിസ്ക് കോമ്പൻസേഷൻ' എന്ന രീതിയിൽ ഒരു ധനസഹായം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഈ ആവശ്യത്തിനു മാത്രമായി സർക്കാർ ഒരു ജനപങ്കാളിത്ത ധനസഹായ ഫണ്ട് നിലവിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു. ഇതിനായി വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്ഥലങ്ങളിലെ കാർഷികവൃത്തി ഒരു പ്രശ്നബാധിത പ്രദേശകൃഷി (Problem area) എന്ന് തരംതിരിക്കേണ്ടിയിരിക്കുന്നു. മറ്റു കർഷക സമൂഹങ്ങൾ വനപ്രാന്തപ്രദേശങ്ങളിലെ കർഷകർ വന്യമൃഗങ്ങളാൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ മനസ്സിലാക്കി ഇവരെ മാനിക്കുകയും അവർ കേരളത്തിലെ എല്ലാ കർഷകർക്കും വേണ്ടിയാണ് ഈ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നത് എന്ന ബോധമുണ്ടാക്കുകയും വേണം. അതിനാൽ ജനപങ്കാളിത്തത്തോടെയുള്ള ഒരു സംയോജിത ഇടപെടൽ ആവശ്യമാണ്.

### പരമ്പരാഗത കർഷക ജ്ഞാനം വീണ്ടെടുക്കൽ

പരാമ്പരാഗത കർഷക ജ്ഞാനം മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നിയന്ത്രിക്കുന്നതിന് വളരെ സഹായകരമാകും. ഈ പ്രദേശങ്ങളിലെ പങ്കാളിത്ത ഗ്രാമീണ അവലോകനത്തിൽ 1980 വരെ വയനാട്ടിൽ കുറുക്കന്മാരാൽ പ്രദേശത്തെ കാട്ടുപന്നിയുടെ സംഖ്യ നിയന്ത്രിച്ചിരുന്നു എന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ വർദ്ധിച്ചു വന്ന പാടശേഖരങ്ങളിലെ കീടനാശിനി പ്രയോഗങ്ങളാൽ കുറുക്കൻമാർ ചത്തൊടുങ്ങുകയും ഇന്ന് ഈ പാടങ്ങളിൽ എല്ലാംതന്നെ കാട്ടുപന്നികൾ നാശം വിതച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതിനാൽ ഈ കാട്ടുപന്നികളെ നിയന്ത്രിക്കാനുള്ള ഈ ജൈവികമായ ഘടകം പുനഃസൃഷ്ടിക്കേണ്ടതിന്റെ പ്രായോഗികത വിശകലനം ചെയ്യേണ്ടതുണ്ട്.

### കാട്ടുകുരങ്ങ് പ്രശ്ന നിയന്ത്രണം

വനത്തിൽ ഭക്ഷണാവശിഷ്ടങ്ങൾ വിതറുകവഴി വിനോദസഞ്ചാരികൾ കാട്ടുകുരങ്ങുകളുടെ ഭക്ഷണശീലങ്ങളിൽ മാറ്റം സൃഷ്ടിച്ചിരിക്കുന്നു. അതിനാൽ മനുഷ്യ-വന്യജീവി സംഘർഷ പ്രദേശങ്ങളിൽനിന്ന് അനിയന്ത്രിത മാലിന്യ നിക്ഷേപം തടയാനായി സംസ്ഥാന തലത്തിൽ ക്യാമ്പയിനുകൾ നടത്തേണ്ടിയിരിക്കുന്നു. വിനോദ സഞ്ചാരികൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ എന്നും എത്തുന്നതിനാൽ ഈ ക്യാമ്പയിൻ പ്രശ്നബാധിത പ്രദേശങ്ങളേക്കാൾ മറ്റു പ്രദേശങ്ങളിലാണ് കേന്ദ്രീകരിക്കേണ്ടത്.

### നീർത്തട പരിഹാര ഇടപെടലുകൾ

അശാസ്ത്രീയമായ ട്രഞ്ച് നിർമ്മാണങ്ങളിലൂടെ വയനാട്ടിലെ പലയിടങ്ങളിലും പ്രകൃതിയിൽ ഉത്ഭവിക്കുന്നത് പല അരുവികളും ഇന്ന് ദിശമാറി ഒഴുകികൊണ്ടിരിക്കുന്ന അവസ്ഥയാണ് കണ്ടുവരുന്നത്. ഇതുമൂലം താഴ്ന്ന പ്രദേശങ്ങളിൽ ജലത്തിന്റെ ലഭ്യത കുറഞ്ഞ്, വലിയൊരു പ്രശ്നമായികൊണ്ടിരിക്കുന്നു. ഇത് പല കാട്ടുപ്രദേശങ്ങളിലെ പ്രകൃതിയുടെ സുസ്ഥിരതയ്ക്ക് ഭീഷണി ആയിരിക്കുന്നു. ചിലയിടങ്ങളിൽ മൃഗങ്ങൾക്കുള്ള ജലലഭ്യത തടസ്സപ്പെടുന്നതിനും ഇതു കാരണമായിട്ടുണ്ട്. അതിനാൽ ഈ ഉയർന്നു വരുന്ന ഭീഷണി നിയന്ത്രിക്കുന്നതിനായി തണ്ണീർത്തടങ്ങളെ അവയുടെ ശാസ്ത്രീയമായ രീതിയിൽ പഠിച്ച് ഇടപെടലുകൾ നടത്തേണ്ടിയിരിക്കുന്നു. പ്രകൃതിയിലുള്ള ജലസ്രോതസ്സുകളുടെ ഒഴുക്ക് നിയന്ത്രിച്ചതിനാൽ ഇന്ന് വന്യമൃഗങ്ങൾ കൃഷിയിടങ്ങളിൽ വെള്ളം തേടിയെത്തുന്നു.

മേൽ പറഞ്ഞ 8 ഘടകങ്ങളെ അടിസ്ഥാനമാക്കിയും ഇവ തമ്മിലുള്ള പരസ്പര പൂരക സങ്കീർണ്ണതകൾ ആധാരമാക്കിയുമുള്ള ഒരു സമന്വയ-സമരസ ലഘൂകരണ തന്ത്രമാണ് കേരളത്തിൽ മനുഷ്യ-വന്യമൃഗ ഇടപെടലുകളിലെ സംഘർഷങ്ങളെ ഒഴിവാക്കുവാനുള്ള അനിവാര്യമായ ഇടപെടലെന്ന് ശ്രീ. ജബ്ബാർ സമർത്ഥിച്ചു.

മനുഷ്യ-വന്യജീവി സംഘർഷങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ കൂടുന്നുണ്ടെങ്കിലും വന്യജീവികൾ വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണെന്ന് ചിലർ വാദിച്ചു. മുൻകാലങ്ങളിൽ ഒന്നു കൂവിയാൽ, പട്ടികുരച്ചാൽ,

തീ കത്തിച്ചാൽ, ചാട്ട കൊട്ടിയാൽ, ലൈറ്റിട്ടാൽ വന്യജീവികൾ ഓടിമറഞ്ഞിരുന്നു. ഇന്ന് ഈ ഭീഷണികളൊന്നും വന്യജീവികൾക്ക് ഒരു പ്രശ്ന മല്ല. എല്ലാം പരിചയിച്ച് പ്രതിരോധിച്ച് ആക്ര മിച്ച് പ്രവർത്തിക്കുവാൻ അവർ പ്രാപ്തരായി രിക്കുന്നു. അതിക്രമണമല്ല ജീവിതമാർഗ്ഗത്തി നുള്ള പരാക്രമമല്ലേ ഇത് എന്ന് സംശയിക്കേണ്ട പല സംഭവങ്ങളുമുണ്ട്. കാട്ടിൽ മൃഗങ്ങൾക്ക് ഭക്ഷണക്ഷാമവും ആവാസ വ്യവസ്ഥ തകർ ച്ചയും നേരിടുന്നില്ലേ എന്നൊരു തോന്നലുണ്ടാ വുന്നു. ഇക്കാരണത്താൽ വനത്തെയും വന സമ്പത്തിനെയും സമൃദ്ധമാക്കേണ്ടത് ഒരു പ്രധാന പാരിസ്ഥിതിക സാമൂഹ്യ ആവശ്യമാണ്. വനത്തിന്റെ മൂല്യശോഷണം തടഞ്ഞു അവയെ നിബിഡവനങ്ങളാക്കിയെടുക്കണം. എല്ലാ സ്വാഭാവിക വനസസ്യങ്ങളും വനവൽക്കരണ ത്തിൽ ഉൾപ്പെടുത്തിയിരിക്കണം. വിദേശ സസ്യ ങ്ങൾ ഒഴിവാക്കണം. 5-10 വർഷം കൊണ്ട് ഇത്തരം പദ്ധതികൾ പൂർത്തീകരിക്കാവുന്ന താണ്. തേനീച്ച മുതൽ ആന വരെയുള്ള സകല ജീവജാലങ്ങൾക്കും യോജിച്ച പരിസ്ഥി തിയാണ് ഓരോ വനവൽക്കരണ പ്രവർത്തന ങ്ങളിൽ ഉണ്ടാവേണ്ടത്. സന്നദ്ധസംഘടനകൾ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ സഹകര ണത്തിലൂടെയോ, നേരിട്ടോ ഇത്തരം പ്രവർത്ത നങ്ങൾക്ക് തുടക്കമിടണമെന്ന് വാദഗതിയും ഉണ്ടായി.

കാട്ടുമൃഗങ്ങളിൽ പന്നി മുഖ്യമായും നാട്ടിൻപുറ കൃഷികളിലാണ് വാസമെന്ന് തോന്നുന്നു. ഇവയെ കാട്ടിലേയ്ക്കെത്തിക്കേണ്ട ശ്രമകരമായ പ്രവർത്തി നടക്കേണ്ടതുണ്ട്. വന ത്തിന് ചുറ്റും ജനവാസവും ജനവാസത്തിനിട യിൽ വനവുമായിട്ടാണ് പലപ്രദേശങ്ങളും കിട ക്കുന്നത്. ഈ വനങ്ങൾ ഇപ്പോഴും നശിച്ചുകൊ ണ്ടിരിക്കുകയാണ്. ഓരോ പഞ്ചായത്തിലും വന സംരക്ഷണ സേനയുണ്ടാവണം, വനം വകുപ്പ് ഉദ്യോഗസ്ഥരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും ഗ്രാമസഭകൾ മുതൽ ഭരണ നിർവ്വഹണസഭ യിൽ വരെ ഉണ്ടാവണം. സംഘർഷ മേഖല കളിൽ ഈ രണ്ടു വകുപ്പുകളിലെയും ഉദ്യോ ഗസ്ഥർ കൂടെക്കൂടെ യോഗം ചേർന്ന് കൂട്ടായ പ്രതിരോധ നടപടികൾ സ്വീകരിക്കുകയും വേണം. ഇത്തരം കൂട്ടായ്മയിൽ വനശാസ്ത്ര കോളേജിലെ ശാസ്ത്രജ്ഞൻമാരുടെ പങ്ക് അനി വാര്യമാണ്. വനസംരക്ഷണം അതതു പഞ്ചാ യത്തിന്റെ കൂടി ഒരു പ്രധാന ചുമതലയാവണം. തുടർ പ്രവർത്തനത്തിനു തുക കാണുന്നില്ലെ ങ്കിൽ അതു പഞ്ചായത്ത് ഫണ്ടിൽനിന്നും മാറ്റി വയ്ക്കാവുന്നതാണ്. അതല്ലെങ്കിൽ ഗുണ ഭോക്തൃ കമ്മിറ്റികൾ ഉണ്ടാക്കി അവയിൽ നിന്നും കണ്ടെത്താവുന്നതാണ്. ജലനിധി പ്രവർത്തനം ഒരു ഉദാഹരണമാണ്. അവര വരുടെ പ്രദേശത്തിന് അവരവർക്ക് ഉത്തരവാ ദിത്വം ഉണ്ടാവുകയും വന്യമൃഗ ശല്യം ഇല്ലാ താവുകയും വനം സമൃദ്ധമാവുകയും ചെയ്യും.

കാട്ടുമൃഗങ്ങളാലുള്ള എല്ലാ നഷ്ടങ്ങൾക്കും നൂറുശതമാനം പരിഹാരം നൽകേണ്ടതാണ്. കൃഷികൾ മുളയിലെ നശിപ്പിക്കുന്നതിനും നഷ്ടപരിഹാരങ്ങൾ നൽകണം. ഉദാഹരണം: കപ്പ, ഇഞ്ചി, പച്ചക്കറി മുതലായവ കുരങ്ങ്, മയിൽ മുതലായവ നശിപ്പിക്കാറുണ്ട്. സ്വന്തം കൃഷിഭൂമികളിൽ വന്യമൃഗ പ്രതിരോധ മാർഗ്ഗ ങ്ങൾക്ക് പ്രത്യേക സഹായങ്ങളോ പ്രോത്സാ ഹങ്ങനളോ നൽകേണ്ടതാണ്.

വനം ദുർബലമാകുന്നതിനു കാരണം മരം വെട്ടും, കയ്യേറ്റവും, വേട്ടയും പോലുള്ളവ മാത്ര മാണെന്ന് പ്രതീക്ഷിക്കുന്നില്ല. ആഗോള താപനം, ഓസോൺ പാളികളുടെ തകർച്ച, അമിത കീടനാശിനി പ്രയോഗം, വാഹന ബാഹു ല്യത, കാലവർഷത്തിന്റെ ശോഷണം തുടങ്ങി ഒരുപാട് കാരണങ്ങൾ ഉണ്ടെന്നു കരുതു ന്നതായി കർഷകർ പറയുന്നു. വനം-വന്യജീവി കാഴ്ചപ്പാടുള്ളവരും സാങ്കേതിക വിദഗ്ദരും, പരിസ്ഥിതി പ്രവർത്തകരും സൂക്ഷ്മ കർഷകരും (വന്യജീവികളെ സഹജീവികളായ് കണ്ട് കൃഷി യിടം സംരക്ഷിക്കുന്ന കർഷകർ) ചേരു ന്ന നല്ല ചർച്ചകളും പ്രവർത്തനങ്ങളും പരിഹാര മാർഗ്ഗ ങ്ങൾക്ക് ഗുണം നൽകിയേക്കാം.


പ്രവർത്തന സംഘങ്ങളുടെ റിപ്പോർട്ട് അവതരണത്തിനു ശേഷം ശില്പശാലയുടെ തീരുമാനങ്ങൾ സംഘാടക സെക്രട്ടറി ഡോ. എസ്. ഗോപകുമാർ അവതരിപ്പിച്ചു.

## പ്രധാനപ്പെട്ട ശില്പശാലാ നിർദ്ദേശങ്ങൾ

**വന്യമൃഗങ്ങളെ കൃഷിയിടങ്ങളിൽ നിന്നും പരമാവധി അകറ്റിനിർത്താൻ ജനപങ്കാളിത്തത്തിലൂന്നിയുള്ള പ്രവർത്തനങ്ങളും, അതിൽ തദ്ദേശീയ സർക്കാരുകൾ നടത്തേണ്ട ഇടപെടലുകളും.**



- പരിസ്ഥിതിയെയും വനസംരക്ഷണത്തെയും വന്യജീവികളെയും കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.
- മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് ഗവേഷണ സ്ഥാപനങ്ങളുടെയും NGOs ന്റെയും ഉപദേശവും സഹായവും തേടണം.
- സംഘർഷങ്ങൾ മൂലമുണ്ടാകുന്ന നഷ്ടങ്ങൾ നികത്താൻ പഞ്ചായത്ത് തലത്തിൽ പ്രത്യേക ഫണ്ട് രൂപീകരിക്കണം.
- സംഘർഷ ബാധിത പ്രദേശങ്ങളിലെ പഞ്ചായത്തുകൾ തമ്മിലുള്ള സഹകരണം.
- പഞ്ചായത്ത് തലത്തിൽ ആവാസ വ്യവസ്ഥ നിലനിർത്താൻ സമഗ്രമായ രൂപരേഖ തയ്യാറാക്കി അത് പ്രാബല്യത്തിൽ കൊണ്ടുവരുത്തുക.



- ഗ്രാമസഭകളിൽ വനം വകുപ്പിന്റെ പ്രാതിനിധ്യത്തോടുകൂടി ജാഗ്രതാ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ.
- പഞ്ചായത്ത് പ്രതിനിധികൾക്ക് വനം-വന്യജീവി സംരക്ഷണത്തെക്കുറിച്ച് പ്രത്യേക ബോധവൽക്കരണ പരിപാടികൾ വേണം.
- വാർഡ് തലത്തിലെ ജനജാഗ്രതാ സമിതികളിൽ പഞ്ചായത്ത് പ്രതിനിധികൾ, കർഷകർ, വനം വകുപ്പ്-റവന്യൂ വകുപ്പ്, പോലീസ്, ആദിവാസികൾ എന്നിവരെയും ഉൾപ്പെടുത്തണം.



- മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് ജനപങ്കാളിത്തം ഉറപ്പുവരുത്തുക.
- സംഘർഷ മേഖലകളിൽ കൂടുതൽ കാവൽ മാടങ്ങൾ നിർമ്മിക്കുക.
- ശാശ്വത പരിഹാരത്തിന് മുൻഗണന കിട്ടുന്ന രീതിയിലുള്ള കർമ്മ പദ്ധതികൾ വിദഗ്ദരുടെ സഹായത്തോടെ രൂപീകരിക്കണം.
- നഷ്ടപരിഹാര തുക ഉയർത്തണം.
- അത്യാവശ്യ ഘട്ടങ്ങളിൽ നിരന്തര ശല്യക്കാരായ മൃഗങ്ങളെ വെടിവെയ്ക്കാനുള്ള അനുമതി നൽകുക.
- വന്യജീവികൾ നിരന്തരമായി വിളനാശം വരുത്തുന്ന മേഖലകളിൽ തോക്കിനു ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.
- മുള്ളൻപന്നിക്കും കാട്ടുപന്നിക്കും എതിരെ സ്റ്റീൽ നെറ്റ് എന്ന ആശയം പരീക്ഷിക്കുക.



- ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബ ത്തിന്റെ പൂർണ്ണ സംരക്ഷണം സർക്കാർ ഏറ്റെടുക്കുക.
- സംഘർഷ ബാധിത പ്രദേശത്ത് പ്രശ്ന പരിഹാരത്തിനായ് ജനകീയാസൂത്രണ പദ്ധതികൾ ആവിഷ്ക്കരിക്കുക.
- സംഘർഷ മേഖലയിൽ പോലീസിന്റെ സേവനം ലഭ്യമാക്കുക.
- വൈദ്യുതിവേലിക്കു സബ്സിഡി നൽകുക.
- പ്രാദേശിക അവസ്ഥകൾ കണക്കിലെ ടുത്ത് കന്നുകാലി വിതരണം.
- സംഘർഷ മേഖലയിൽ ഏറുമാട നിർമ്മാണം.
- ആഴത്തിലുള്ള ട്രെഞ്ച് നിർമ്മാണം.
- നിരപ്പായ സ്ഥലങ്ങളിൽ റെയിൽ ഫെൻസ് നിർമ്മിക്കുക.
- കാട്ടാനകൾക്ക് എതിരെ റെയിൽ ഫെൻസ് സംവിധാനം നടപ്പിൽ വരുത്തുക.
- സംഘർഷിത മേഖലയിലെ വിവിധ വകുപ്പു കളുടെ കാര്യക്ഷമമായ സംയോജനം പഞ്ചായത്തുകളിൽ ഉറപ്പാക്കണം.

**വന്യമൃഗങ്ങളെ അകറ്റിനിർത്താനും കഷ്ടനഷ്ടങ്ങൾ പരിഹരിക്കാനും വേണ്ടി വികസന വകുപ്പുകൾ സ്വീകരി ക്കേണ്ട പ്രശ്നപരിഹാര സമീപനങ്ങൾ**

- സംഘർഷിത മേഖലയിലെ വിവിധ ഡിപ്പാർ ട്ടുമെന്റുകളുടെ പ്രവർത്തനങ്ങൾ ഏകോ പിപ്പിക്കുക.
- നൂതന സാങ്കേതിക വിദ്യകളുടെ സഹായ ത്തോടെ സംഘർഷബാധിത പ്രദേശ ങ്ങളിൽ പ്രശ്നപരിഹാര സമീപന മാർഗ്ഗ ങ്ങൾ കണ്ടെത്തുക.
- ബോധവൽക്കരണ ക്ലാസ്സുകളും സെമിനാ റുകളും നിരന്തരം നടത്തുക.
- പുനരധിവാസ പദ്ധതികൾ ആകർഷകമാ ക്കുക.
- നഷ്ടപരിഹാരത്തുക കൂട്ടുക. അതിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കുക.
- നഷ്ടപരിഹാര നിർദേശങ്ങളുടെ പുനഃപരി ശോധന.
- കാർഷിക വിളകൾക്കും കന്നുകാലികൾക്കും കൂടുതൽ ആകർഷകമായ ഇൻഷുറൻസ് പദ്ധതികൾ.




**വന്യമൃഗങ്ങളുടെ ഇടപെടലുകളും പ്രശ്നങ്ങളും- കുറയ്ക്കാൻ വനപരിപാലന സംരക്ഷണ നിയമങ്ങ ളിലും നയങ്ങളിലും വരുത്തേണ്ട മാറ്റങ്ങൾ**

- വന്യജീവി സംരക്ഷണ നിയമത്തിലെ സെക്ഷൻ 9 ന്റെ നിർവചനം ശാസ്ത്രീയമായി പുനഃപരിശോധിക്കുക.
- വന്യജീവി സംഘർഷങ്ങളുടെ മൂല കാരണ ങ്ങൾക്ക് ശാസ്ത്രീയമായ പരിഹാരം.
- വനാതിർത്തിയിലെ പുനരധിവാസം ശാസ്ത്രീ യമായ അടിസ്ഥാനത്തിലായിരിക്കണം.
- വയനാട് പോലുള്ള പ്രദേശങ്ങളെ ഒറ്റ ഭൂപ്ര ദേശമായ് കണക്കാക്കി പരിഹാരം കണ്ടെ ത്തണം.
- ജനപങ്കാളിത്തത്തോടെ സംഘർഷ ബാധിത പ്രദേശത്തെ പ്രശ്നപഠനങ്ങൾ.
- എല്ലാ വനസർക്കിളിലും വന്യജീവി പുനര ധിവാസ കേന്ദ്രങ്ങൾ.
- മനുഷ്യ-വന്യജീവി സംഘർഷ കാരണങ്ങ ളിൽ വന്യജീവികളുടെ വംശവർദ്ധനവിന്റെ പങ്ക് പഠനവിധേയമാക്കുക.

- വനപരിപാലന നിയമങ്ങളിലും നയങ്ങളിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുക-കാട്ടു പന്നിയെ വെർമിനായി കണക്കാക്കുക.
- തോക്കുകളുടെ ലൈസൻസ് പുതുക്കുന്നത് വിവിധ വകുപ്പുകളുടെ സമ്മർദ്ദംമൂലം ദീർഘി പ്പിക്കുന്നത് ഒഴിവാക്കുക.



**വന്യമൃഗങ്ങളെ അകറ്റിനിർത്തൽ - നാട്ടറിവുകളും നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പരിഹാര മാർഗ്ഗങ്ങൾ**

- പാരമ്പര്യ കൃഷിരീതികളെ ഇന്നത്തെ സാഹ ചര്യത്തിന് അനുസൃതമായി പ്രയോജനപ്പെ ടുത്തുക.
- ഈ മേഖലയിലെ ഗവേഷണ-വികസന വിഷയങ്ങളിലെ കണ്ടെത്തലുകൾ ഉപയോഗ പ്പെടുത്തി പ്രശ്നപരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കണം.
- പരമ്പരാഗതമായി വന്യജീവി സംഘർഷം ഒഴി വാക്കാൻ ഉപയോഗിച്ചുവരുന്ന നാട്ടറിവുക ളുടെ ക്രോഡീകരണവും നടപ്പാക്കലും.
- വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലിറങ്ങിയാൽ ഉടനെ അല്ലെങ്കിൽ മുൻകൂട്ടി അറിയാൻ കഴി യുന്ന സാങ്കേതിക വിദ്യകൾ നടപ്പിൽ വരു ത്തുക.
- അന്യസംസ്ഥാനങ്ങളിൽ ഈ മേഖലയിലെ വിജയങ്ങൾ മാതൃകയാക്കുക.
- കർഷകന് കൃഷി സംരക്ഷണത്തിനു പൂർണ്ണ മായും അവകാശം നൽകുക.



# ഉപസംഹാരവും പ്രതീക്ഷയും

ആഗോളതാപനത്തിന്റെ കൂടി പ്രത്യാഘാതമായി വരുന്ന വരൾച്ച, മഴക്കെടുതികൾ മുതലായ പാരിസ്ഥിതികാഘാതങ്ങൾ കൂടിവരുന്ന ഈ കാലഘട്ടത്തിൽ, ഇത്തരം വ്യതിയാനങ്ങളെ പ്രതിരോധിക്കാനായി ലോകം ഉറ്റുനോക്കുന്നത് വനസംരക്ഷണത്തെയും അനുബന്ധ പ്രവർത്തനങ്ങളെയുമാണ്. ശേഷിക്കുന്ന വനങ്ങളുടെ സംരക്ഷണവും അതോടൊപ്പം കാര്യക്ഷമമായ വനപരിപാലനവും മൂലമേ ഒരു പരിധി വരെ നമുക്ക് പാരിസ്ഥിതികാഘാതങ്ങൾ കുറയ്ക്കാൻ പറ്റുകയുള്ളൂ. വന്യമൃഗങ്ങളുടെ സംരക്ഷണവും ഇതിൽ തുല്യപ്രാധാന്യം അർഹിക്കുന്നു.

വനത്തിലെ എല്ലാ ജീവിയ-അജീവിയ ഘടകങ്ങളും പരസ്പരാശ്രിതത്വത്തോടെയാണ് നിലനിന്നുപോരുന്നത്. അതുകൊണ്ടുതന്നെ എതെങ്കിലും ഒരു ജീവിവിഭാഗത്തിന്റെ നാശം, അതു നിലനിൽക്കുന്ന ആവാസവ്യവസ്ഥയുടെ തന്നെ നാശത്തിന് കാരണമാകും.

മനുഷ്യരുടെ അനുചിതമായ ഇടപെടലുകൾ പലപ്പോഴും വനങ്ങളുടെ നിലനിൽപ്പിനെ ബാധിക്കാറുണ്ട്. വനഭൂമി കയ്യേറ്റം, വേട്ടയാടൽ, കാട്ടുതീ മുതലായവയുടെ പിന്നിൽ മനുഷ്യനുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ മൂലം നിരവധി ജീവി വിഭാഗങ്ങൾക്ക് വംശനാശം സംഭവിക്കുകയും മറ്റുള്ളവ വംശനാശ ഭീഷണി നേരിടുകയും ചെയ്യുന്നു. വനഭൂമിയുടെ ദ്രുവീകരണവും ആനത്താരകൾക്കുണ്ടാകുന്ന തടസ്സവുമൊക്കെ ഇത്തരം നശീകരണ പ്രവർത്തനങ്ങളുടെ ഭാഗമായ് ഉയർന്നു വന്നിട്ടുള്ളതാണ്. ഇതിന്റെ തുടർച്ചയായി വന്യമൃഗങ്ങൾ കൂട്ടത്തോടെ നാട്ടിലിറങ്ങുകയും അതു മൂലം വിളകൾക്കും മനുഷ്യ ജീവനു തന്നെയും ഭീഷണി ഉയർത്തുകയും ചെയ്യുന്നു. ഇതു മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് ഇടയാക്കുന്നു. വനത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ താമസിക്കുന്നവർക്കാണ് ഈ പ്രശ്നങ്ങളെ കൂടുതലായ് അഭിമുഖീകരിക്കേണ്ടി വരുന്നത്. ഇത് ജനങ്ങളുടെ ഇടയിൽ വന്യജീവി വിരുദ്ധ മനോഭാവം വളർന്നുവരുന്നതിനു ഇടയാക്കും. സാധാരണ ജനങ്ങളുടെ ജീവനും സ്വത്തിനും ജീവനോപാധികൾക്കും പ്രാധാന്യം നൽകുന്നതിനോടൊപ്പം വന്യജീവി സംരക്ഷണവും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ മൂലമുള്ള സാഹചര്യങ്ങൾ മുതലെടുത്ത് വനം കയ്യേറ്റവും നായാട്ടും നടത്തുന്നവരെ കർശനമായി നേരിടാനും നാം തയ്യാറാക്കണം.

വന്യജീവി സംരക്ഷണം ലക്ഷ്യംവച്ചുകൊണ്ട് കാലാനുസൃതമായി നിരവധി നയങ്ങളും നിയമങ്ങളും സർക്കാർ തലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ഇന്ന് നടപ്പിലുള്ളതും ഏറ്റവും പ്രാധാന്യം അർഹിക്കുന്നതും 1972-ലെ വന്യജീവി സംരക്ഷണ നിയമമാണ്.

വന്യജീവികളെ കൊല്ലുന്നതും ഏതെങ്കിലും വിധത്തിൽ ഉപദ്രവിക്കുന്നതും വന്യജീവി സംരക്ഷണ നിയമ പ്രകാരം കുറ്റകരമാണ്. വന്യ ജീവികളുടെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് ജനപങ്കാളിത്തത്തോടുകൂടി കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഉണ്ടെങ്കിൽ മാത്രമേ വന്യജീവി സംരക്ഷണം സാധ്യമാകുകയുള്ളൂ. എല്ലാ ജീവജാലങ്ങൾക്കും ഒരേപോലെ അർഹതപ്പെട്ടതാണ് ഈ ഭൂമി. മനുഷ്യനും മറ്റു ജീവികളും പരസ്പര സഹകരണത്തോടെ ജീവിച്ചെങ്കിൽ മാത്രമേ അവയുടെ നിലനിൽപ്പ് സാധ്യമാകുകയുള്ളൂ. വന്യജീവികൾ നാട്ടിലേക്കിറങ്ങുന്നത് തടയുന്നതിനൊപ്പം മനുഷ്യർ അവയുടെ ആവാസ വ്യവസ്ഥയിലേക്ക് കടന്നു കയറുന്നത് തടയുക എന്നതും നമ്മുടെ ഉത്തരവാദിത്വമാണ്.



# Appendix - I

## 1972 -ലെ വന്യജീവി സംരക്ഷണ നിയമം

[കടപ്പാട് : ശ്രീ. എം. ഐ. വർഗ്ഗീസ് IFS (Rtd.)]

1972 സെപ്റ്റംബർ 9-ാം തിയ്യതിയാണ് പാർലമെന്റ് വന്യജീവി സംരക്ഷണ നിയമം (WPA) പാസ്സാക്കിയത്. കേരളത്തിൽ 01.06.1973 മുതൽ ഈ നിയമം പ്രാബല്യത്തിൽവന്നു. 1976 ലെ 42-ാം ഭരണഘടനാ ഭേദഗതിയോടെ വനം-വന്യജീവി വിഷയങ്ങൾ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും നിയമനിർമ്മാണത്തിന് സമാധികാരമുള്ള ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തി. 1972 ലെ വന്യജീവി സംരക്ഷണ നിയമം ഇതോടെ ഭാരതം മുഴുവൻ ഒരേപോലെ നടപ്പിൽവന്നു.

### വേട്ടയാടൽ (Hunting) [സെക്ഷൻ 9] under WPA 1972

വന്യജീവി സംരക്ഷണ നിയമത്തിൽ 1991-ൽ കൊണ്ടുവന്ന ഭേദഗതി അനുസരിച്ച് സെക്ഷൻ 9 പ്രകാരം വേട്ടയാടൽ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ഷെഡ്യൂൾ I, II, III, IV ൽ ഉൾപ്പെട്ട വന്യജീവികളെ വേട്ടയാടിക്കൂടാ എന്ന ഈ നിരോധനം കാട്ടിലും നാട്ടിലും ഒരുപോലെ ബാധകമാണ്. എന്നാൽ സെക്ഷൻ 11 അനുസരിച്ച് ചില പ്രത്യേക സാഹചര്യങ്ങളിലും സെക്ഷൻ 12 പ്രകാരം ചില പ്രത്യേക ഉദ്ദേശങ്ങൾക്കായും വേട്ടയാടൽ അനുവദിക്കപ്പെടാം.

**സെക്ഷൻ 2 (16)ൽ നായാട്ട് എന്താണെന്ന് വ്യക്തമാക്കുന്നു**

ഏതെങ്കിലും വന്യജീവിയെ പിടിക്കുന്നതും കൊല്ലുന്നതും വിഷം വെക്കുന്നതും കെണിയിൽ വീഴ്ത്തുന്നതും കുടുക്കിൽപ്പെടുത്തുന്നതും മേൽപറഞ്ഞ എന്തെങ്കിലും ചെയ്യാൻ ശ്രമിക്കുന്നതും മേൽപറഞ്ഞ ഏതെങ്കിലും പ്രവർത്തികൾ ചെയ്യാൻവേണ്ടി വന്യമൃഗങ്ങളെ ഓടിക്കുന്നതും അപ്രകാരമുള്ള മൃഗങ്ങളെ പരിക്കേൽപ്പിക്കുന്നതോ നശിപ്പിക്കുന്നതോ വന്യജീവികളുടെ ഏതെങ്കിലും ഭാഗങ്ങൾ ശേഖരിച്ചുകൊണ്ട് പോകുകയോ പക്ഷികളുടെയോ ഉരഗങ്ങളുടെയോ കൂടുകളോ, മുട്ടയോ കേടുവരുത്തുകയോ ചെയ്യുന്നത് വേട്ടയാടൽ എന്ന കുറ്റത്തിൽ ഉൾപ്പെടും.

- ഷെഡ്യൂൾ I ൽപെട്ട വന്യമൃഗം സ്വത്ത് നശിപ്പിച്ചാലോ, വിളകൾ നശിപ്പിച്ചാലോ അവയെ വേട്ടയാടുവാൻ അനുമതി നൽകുവാൻ പാടുള്ളതല്ല. മനുഷ്യജീവന് അപകടം ഉണ്ടാക്കിയാൽ മാത്രം, ഉപാധികളോടെ അവയെ വേട്ടയാടുന്നതിന് അനുവാദം നൽകാം. എന്നാൽ ഷെഡ്യൂൾ II, III, IV എന്നിവയിൽപ്പെട്ട വന്യജീവികളെ മനുഷ്യജീവൻ നശിപ്പിച്ചാലോ, സ്വത്തോ, വിളകളോ നശിപ്പിച്ചാലോ, അനുമതി നൽകാം.
- ഒരാൾ ഒരു തത്തയെ അനുമതി കൂടാതെ കൂട്ടിലിട്ട് വളർത്തിയാൽ അത് വേട്ടയാടൽ എന്ന കുറ്റത്തിൽ ഉൾപ്പെടും.
- വാഹനം ഓടിക്കുന്ന ഒരാൾ ഒരു വന്യജീവിയെ ഓടിപ്പിച്ചാൽ, അതിനെ പിടിച്ചില്ലെങ്കിലും അയാൾ വേട്ടയാടൽ എന്ന കുറ്റം ചെയ്തതായി കണക്കാക്കും.
- പക്ഷിയെ പിടിക്കുന്നതിനു വലകെട്ടുകയോ വന്യജീവികളെ കെണിയിൽപ്പെടുത്തുവാൻ കുരുക്കുവയ്ക്കുകയോ ചെയ്താൽ പക്ഷികളോ വന്യജീവികളോ വലയിലോ കുരുക്കിലോ പെട്ടില്ലെങ്കിലും വേട്ടയാടുന്നതിനുള്ള ശ്രമം നടത്തിയതിനാൽ വേട്ട നടത്തിയതായി കണക്കാക്കും.

### വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂളുകൾ

1972 ൽ വന്യജീവി സംരക്ഷണ നിയമം പ്രാബല്യത്തിലാകുന്നതിനു മുമ്പ് വന്യജീവികൾക്ക് നായാട്ടുമൃഗം എന്ന സ്ഥാനമാണ് ഉണ്ടായിരു

ന്നത് (Game Status). അന്നുവരെ നിലവിൽ ഉണ്ടായിരുന്ന വന്യജീവി സംരക്ഷണ നിയമങ്ങൾ മൃഗയാ വിനോദം നിയന്ത്രിക്കുന്നതിനുവേണ്ടി യുള്ളതായിരുന്നു. 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലും വന്യജീവികളെ നായാട്ടു മൃഗ ങ്ങളായി കാണുന്ന നിലതുടർന്നു. തുടക്കത്തിൽ വന്യജീവികളെ അഞ്ച് ഷെഡ്യൂളുകളായി തിരിച്ചത് അവയുടെ ഗെയിം സ്റ്റാറ്റസ് അനുസ രിച്ചായിരുന്നു. അത്യപൂർവ്വമായിക്കൊണ്ടിരിക്കു ന്നതും ഏറെ സംരക്ഷണം വേണ്ടതുമായ വന്യ ജീവികളെ ഷെഡ്യൂൾ I ലും, സ്പെഷൽ ഗെയിം എന്നു വിളിക്കുന്നവയെ ഷെഡ്യൂൾ II ലും, ബിഗ് ഗെയിം എന്നു പേരിട്ടവയെ ഷെഡ്യൂൾ III ലും സ്മാൾ ഗെയിം എന്നു പേരിട്ടവയെ ഷെഡ്യൂൾ IV ലും ഉൾപ്പെടുത്തിയാണ് ഷെഡ്യൂളുകൾ തയ്യാറാക്കിയത്. ഷെഡ്യൂൾ I-ൽ ഉൾപ്പെടുത്തിയ വന്യജീവികളെ നായാട്ടിൽനിന്നും പൂർണ്ണമായി ഒഴിവാക്കി. ഷെഡ്യൂൾ II, III, IV എന്നിവ യിൽപ്പെട്ട വന്യജീവികളെ നായാട്ട് നടത്തുന്ന തിന് അനുമതി നൽകിയിരുന്നു. നായാട്ടു നടത്തുന്നതിനു വേണ്ട ലൈസൻസ് നൽകു ന്നതിനായി കെട്ടി വെയ്ക്കേണ്ട ഡിപ്പോസിറ്റ് തുക യിലും, നായാട്ടു നടത്തുന്നതിനുള്ള നിബന്ധനക ളിലും മാത്രമാണ് ഷെഡ്യൂൾ II, III, IV എന്നിവ തമ്മിൽ വ്യത്യാസമുണ്ടായിരുന്നത്. ശിക്ഷയുടെ ചെറിയ വ്യത്യാസവും ഉണ്ടായിരുന്നു. ഷെഡ്യൂൾ I ലും ഷെഡ്യൂൾ II ന്റെ പാർട്ട് II ലും ഉൾപ്പെട്ട വന്യജീവികളെ സംബന്ധിച്ച കുറ്റങ്ങൾ ഗുരുതരമായി കണക്കാക്കി, കൂടുതൽ ശിക്ഷ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1991-ൽ വന്യജീവി സംരക്ഷണ നിയമത്തിൽ വരുത്തിയ ഭേദഗതിയോടെ നായാട്ട് പൂർണ്ണമായും നിരോധിക്കുകയും വന്യജീവികളുടെ ഗെയിം സ്റ്റാറ്റസ് എടുത്തുകളയുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റ് ഷെഡ്യൂളുകളിൽ പത്ത് തവണ ഭേദഗതി വരുത്തി വിവിധ ഷെഡ്യൂളുകളിൽ നിന്ന് പല വന്യജീവികളെയും കൂടുതൽ സംരക്ഷണവും കുറ്റങ്ങൾക്ക് കൂടുതൽ ശിക്ഷയും ലഭിക്കുന്ന ഷെഡ്യൂൾ I ലേക്ക് മാറ്റിയിട്ടുണ്ട്.

## നിലവിലെ ഷെഡ്യൂളുകളെ പരിചയപ്പെടാം

**ഷെഡ്യൂൾ I - എട്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു**

### പാർട്ട് I- സസ്തിനികൾ (Mammals)

കാട്ടുപോത്ത് [Gaur or Indian Bison] (8E), മലയണ്ണാൻ [Giant Squirrel] (10A), ആന [Indian Elephant] (12A), പുള്ളിപുലി [Leopard or Panther] (16B), സിംഹവാലൻ കുരങ്ങ് [Lion tailed Macaque] (19), കുട്ടി തേവാങ്ക് [Loris] (20), മലബാർ വെരുക് [Malabar civet] (22), കൂരമാൻ [Mouse Deer] (24 A), കരിങ്കുരങ്ങ് [Nilgiri Langur] (25 A), വരയാട് [Nilgiri Tahr] (25 B), അലുങ്ക് (ഈ നാംപേച്ചി), ഉറുമ്പുതീനി [Pangolin] (28), കരടി [Sloth Bear] (31C), കടുവ [Tiger] (39), തുരുംബൻപൂച്ച [Rusty Spotted Cat] (31) തുട ങ്ങിയവ ഷെഡ്യൂളിന്റെ ഈ പാർട്ടിലുള്ളതാണ്.

### പാർട്ട് II- ഉഭയജീവികളും ഉരഗങ്ങളും (Amphibians and Reptiles)

മുതല [Crocodiles] (1D), മലമ്പാമ്പ് [Pythons] (14 A), കടലാമകൾ [Leather Turtle] (11), Logger Head Turtle] (12), Olive Back Logger Head Turtle] (13) എന്നിവ ഈ പാർട്ടിലുൾപ്പെടുന്നു.

### പാർട്ട് IIA- മത്സ്യങ്ങൾ (Fishes)

തിമിംഗലം [Whale Shark] (1), കടൽ ക്കുതിര [Sea Horse] (3) എന്നിവ ഈ വിഭാ ഗത്തിൽപ്പെടുത്തിയിരിക്കുന്നു.

### പാർട്ട് III- പക്ഷികൾ (Birds)

വേഴാമ്പലുകൾ, മയിൽ, മൈനകൾ തുട ങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

### പാർട്ട് IV- ബാഹ്യ കവചമുള്ള ജീവികളും ഷഡ്പദങ്ങളും (Crustaceans and Insects)

### പാർട്ട് IV A - പവിഴപ്പുറ്റുകൾ (Coelenterates Corals)

## പാർട്ട് IV B - മൊളളുസ്കാ (Mollusca)

## പാർട്ട് IV B - എകിനോഡെർമേറ്റാ (Echino-edermata)

Sea cucumber കടൽവെള്ളരി എന്ന ഒരിനം മാത്രം (All Holothurians)

## ഷെഡ്യൂൾ II

## പാർട്ട് -I

പഴയ സ്പെഷ്യൽ ഗെയിമിൽ ഉൾപ്പെടുത്തിയിരുന്ന കുറച്ച് സസ്തനികളും രണ്ടിനം പല്ലികളും (Lizards), നാടൻ കുരങ്ങ് (Bonnet Macaque) (3A), ഹനുമാൻ കുരങ്ങൻ (Common Langur) (4 A), കാട്ടുനായ് (Wild Dog or Dhole) (22) എന്നിവ ഈ പട്ടികയിൽ പെട്ടിരിക്കുന്നു.

## പാർട്ട് -II വണ്ടുകൾ (Beetles)

തുടർന്ന്, 1972 ലെ ഷെഡ്യൂളുകളിൽ ചേർക്കുവാൻ വിട്ടുപോയവകൂടി കൂട്ടിച്ചേർത്തുണ്ടാക്കിയ വംശനാശം നേരിടുന്ന 26 ഇനം സസ്തനികൾ മറ്റുള്ളവയും വെരുകുകൾ (Civets) (1A), കുറുക്കൻ (Common Fox) (1B), കുറുനരി (Jackal) (2B), മലയണ്ണാനുകൾ (Flying Squirrels) (1C), കാട്ടുപൂച്ച (Jungle Cat) (2C), മരനായ് (Martens) (2 E), നീർനായ്കൾ (Otters) (4), മൂർഖൻപാമ്പുകൾ (Indian Cobras) (11), രാജവെമ്പാല (King Cobra) (12), കാട്ടുകോഴികൾ (Grey Jungle Fowl) (17) തുടങ്ങിയവ ഇതിൽ പെടുന്നു.

## ഷെഡ്യൂൾ III

പഴയ ബിഗ് ഗെയിമിൽ ഉൾപ്പെടുത്തിയിരുന്നവയിൽ ഇപ്പോൾ അവശേഷിക്കുന്ന എട്ടിനങ്ങളും 2001 ലെ ഭേദഗതിപ്രകാരം കൂട്ടിച്ചേർത്ത സ്പോഞ്ചുകൾ അടക്കമുള്ള 9 ഇനങ്ങൾ.

മ്ലാവ് (Sambar) (16), കേഴമാൻ (Barking deer or muntjac) (2), പുള്ളിമാൻ (Chital) (5), കാട്ടുപന്നി (Wild pig) (19) എന്നിവ ഈ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## ഷെഡ്യൂൾ IV

സ്മോൾ ഗെയിമിൽ ഉൾപ്പെടുത്തിയ 5 ഇനം, തുടർന്ന് പക്ഷികൾ (ഷെഡ്യൂൾ-I, പാർട്ട്- IIൽ പെടാത്ത 83 ഫാമിലികളിൽ ഉൾപ്പെടുന്ന പക്ഷികൾ. മുള്ളൻപന്നി (Indian Porcupine) (4E), പാമ്പുകൾ (Snakes) (12), ശുദ്ധജല തവള (റാണാ സ്പീഷിസ്) (Fresh Water Frogs) (13), ആമകൾ (Tortoise) (15), ചിത്രശലഭങ്ങൾ (Butterflies) (15), നിശാശലഭങ്ങൾ (Moths) (18), (ഷെഡ്യൂൾ I പാർട്ട്- IVB യിൽ ഉൾപ്പെടാത്തവ) (19)

## ഷെഡ്യൂൾ V വെർമിൻ (Vermin)

1. കാക്ക (Crow) (1)
2. ചെറിയ നരിച്ചീർ (Fruitbat) (3)
3. ചുണ്ടെലി (Mice) (5)
4. എലി, തുരപ്പൻ (Rats) (6)

ഇതിൽ പറയുന്ന ഇനം ജീവികളെ നായാട്ടു നടത്തുന്നതിന് തടസ്സമില്ല. എന്നാൽ വനത്തിനകത്തും വന്യജീവി സങ്കേതങ്ങളിലും അവ സംരക്ഷിക്കപ്പെട്ടവയാകുന്നു.

## ഷെഡ്യൂൾ VI സ്പെസിഫൈഡ് സസ്യങ്ങൾ (Specified Plants)

1. ബെഡോംസ് സൈക്ക്സ് (Beddome's cycad) (1)
2. ബ്ലൂ വാണ്ട (blue vanda) (2)
3. കൊട്ടം (Kuth) (3)
4. ലേഡീസ് സ്ലിപ്പർ ഓർക്കിഡുകൾ (ladies slipper orchid) (4)
5. പിച്ചർ പ്ലാന്റ് (pitcher plant) (5)
6. റെഡ് വാണ്ട (Red vanda) (6)

മേൽ പരമാർശിച്ചിട്ടുള്ള സസ്യങ്ങൾ ശേഖരിക്കുന്നതും കൈവശം വെയ്ക്കുന്നതും ഉപയോഗിക്കുന്നതും കച്ചവടം ചെയ്യുന്നതും കുറ്റകരമാണ്.

# Appendix - II

## ദ്വിദിന ശില്പശാലയിൽ പങ്കെടുത്തവർ

| | പേര് | ജോലി | സ്ഥലം |
|---|---|---|---|
| 1. | ഡോ. സാജൻ കുര്യൻ | ഗവേഷണ മേധാവി | K.A.U., വെള്ളാനിക്കര |
| 2. | ശ്രീ. പ്രമോദ് ജി. കൃഷ്ണൻ, IFS | C.C.F. (വന്യജീവി വിഭാഗം) | K.F.D. പാലക്കാട് |
| 3. | ഡോ. കെ. വിദ്യാസാഗരൻ | ഡീൻ (വനശാസ്ത്ര കോളേജ്) | K.A.U., വെള്ളാനിക്കര |
| 4. | ഡോ. പി. എസ്. ഗീതക്കുട്ടി | കാർഷിക സ്ത്രീ പഠന കേന്ദ്രം മേധാവി | K.A.U., വെള്ളാനിക്കര |
| 5. | ഡോ. പി. ബി. പുഷ്പലത | വിജ്ഞാന വ്യാപന വിഭാഗം മേധാവി | K.A.U., വെള്ളാനിക്കര |
| 6. | ഡോ. പി. എസ്. ഈസ | മുൻ ഡയറക്ടർ (K.F.R.I. പീച്ചി) | K.A.U., വെള്ളാനിക്കര |
| 7. | ശ്രീ. എം. ഐ. വർഗ്ഗീസ്, IFS (R) | മുൻ വനം വകുപ്പ് ഉദ്യോഗസ്ഥൻ | K.F.D. |
| 8. | ഡോ. പി. ഒ. നമീർ | പ്രൊഫസർ (വനശാസ്ത്ര കോളേജ്) | K.A.U., വെള്ളാനിക്കര |
| 9. | ഡോ. മണിചെല്ലപ്പൻ | ഹെഡ്, A.I.C.R.P. അഗ്രി. ഓർണിത്തോളജി | K.A.U., വെള്ളാനിക്കര |
| 10. | ഡോ. എ.വി. സന്തോഷ്കുമാർ | പ്രൊഫസർ (വനശാസ്ത്ര കോളേജ്) | K.A.U., വെള്ളാനിക്കര |
| 11. | ഡോ. പി. കെ. അബ്ദുൾ ജബ്ബാർ | അസിസ്റ്റന്റ് പ്രൊഫസർ | K.A.U., അമ്പലവയൽ, വയനാട് |
| 12. | ഡോ. എസ്. ഗോപകുമാർ | പ്രൊഫസർ (വനശാസ്ത്ര കോളേജ്) | K.A.U., വെള്ളാനിക്കര |
| 13. | ശ്രീ. എം. ഷാജി | അസിസ്റ്റന്റ് പ്രൊഫസർ (വനശാസ്ത്ര കോളേജ്) | K.A.U., വെള്ളാനിക്കര |
| 14 | ശ്രീ. കെ. ശ്രീനിവാസൻ | അസിസ്റ്റന്റ് പ്രൊഫസർ (വനശാസ്ത്ര കോളേജ്) | K.A.U., വെള്ളാനിക്കര |
| 15. | ശ്രീ. ഇ. എസ്. സുജീഷ് | സീനിയർ ടെക്നിക്കൽ ഓഫീസർ | I.C.A.R. – I.I.S.R., കാലിക്കറ്റ് |
| 16. | ശ്രീ. അനീഷ് സി. ആർ. | കൺസർവേഷൻ ബയോളജിസ്റ്റ് | സൈലന്റ്‌വാലി |
| 17. | ശ്രീ. ആർ. സതീഷ് | ശാസ്ത്രജ്ഞൻ, I.R.T.C. | മുണ്ടൂർ |
| 18. | ശ്രീ. കെ. ഷജീവ് | S.F.O. | കോഴിക്കോട് |
| 19. | ശ്രീ. വി. രതീശൻ | R.F.O. | കൊട്ടിയൂർ |
| 20. | ശ്രീ. പി. രഞ്ജിത്ത് കുമാർ | R.F.O. | ചിതലത്ത് |
| 21. | ശ്രീ. ബി. ആർ. റൂബിൻ | R.F.O. | പെരുവണ്ണാമുഴി |
| 22. | ശ്രീ. സി. എസ്. രാമകൃഷ്ണൻ | R.F.O. | സുൽത്താൻബത്തേരി |
| 23. | ശ്രീ. മധുസൂദനൻ | R.F.O. | ആറളം |
| 24. | ശ്രീമതി ജി. കവിത | കൃഷി ആഫീസർ | ആലത്തൂർ |
| 25. | ശ്രീ. സി. എൻ. ജയൻ | കർഷകൻ | ചിറ്റൂർ |
| 26. | ശ്രീ. കൃഷ്ണകുമാർ | കർഷകൻ | ആലത്തൂർ |
| 27. | ശ്രീ. ജി. രാമചന്ദ്രൻ | കർഷകൻ | ആലത്തൂർ |
| 28. | ശ്രീ. കൃഷ്ണകുമാർ | കർഷകൻ | ആലത്തൂർ |
| 29. | ശ്രീ. ജി. രാമചന്ദ്രൻ | കർഷകൻ | ആലത്തൂർ |
| 30. | ശ്രീ. ഇ. വി. ജെയിംസ് | കർഷകൻ | കോഴിക്കോട് |
| 31. | ശ്രീ. എ. എം. തോമസ് | കർഷകൻ | കോഴിക്കോട് |
| 32. | ശ്രീ. കെ. കെ. ചെറിയാൻ | കർഷകൻ | പെരുവണ്ണാമുഴി |
| 33. | ശ്രീ. ബോബൻ ജോസഫ് | കർഷകൻ | പെരുവണ്ണാമുഴി |
| 34. | ശ്രീ. കെ. എ. ജോർജ്ജ് | കർഷകൻ | പെരുവണ്ണാമുഴി |
| 35. | ശ്രീ. മുഹമ്മദ് അലി | കർഷകൻ | ആലത്തൂർ |
| 36. | ശ്രീ. കാസിം | കർഷകൻ | ആലത്തൂർ |

| | | |
|---|---|---|
| 37 ശ്രീ അബ്ദുൾ റഹിമാൻ | കർഷകൻ | ആലത്തൂർ |
| 38 ശ്രീ ഹക്കിം | കർഷകൻ | ആലത്തൂർ |
| 39 ശ്രീ കെ കുട്ടികൃഷ്ണൻ | കർഷകൻ | ആലത്തൂർ |
| 40 ശ്രീ വി ബാലകൃഷ്ണൻ | കർഷകൻ | ആലത്തൂർ |
| 41 ശ്രീ കെ ലക്ഷ്മണൻ | കർഷകൻ | ആലത്തൂർ |
| 42 ശ്രീ അബ്ദുൾ ഖാദർ | കർഷകൻ | കരുളായ് |
| 43 ശ്രീ അബ്ദുൾ സലാം | കർഷകൻ | കരുളായ് |
| 44 ശ്രീ ടി എം ചന്ദ്രൻ | കർഷകൻ | നിലമ്പൂർ |
| 45 ശ്രീ എൻ മോഹനൻ | കർഷകൻ | നിലമ്പൂർ |
| 46 ശ്രീ ടി രാജേഷ് | കർഷകൻ | ചുങ്കത്തറ |
| 47 ശ്രീ മാട്ടിലവി | കർഷകൻ | വയനാട് |
| 48 ശ്രീ എ വി സണ്ണി | കർഷകൻ | വയനാട് |
| 49 ശ്രീ എം. വി. അനിൽ | കർഷകൻ | വയനാട് |
| 50 ശ്രീ വി സുകുമാരകുറുപ്പ് | കർഷകൻ | വയനാട് |
| 51 ശ്രീ വെങ്കിടേഷ് | കർഷകൻ | വയനാട് |
| 52 ശ്രീ കെ. വി ദിവാകരൻ | കർഷകൻ | വയനാട് |
| 53 ശ്രീ സജേഷ് കാവിക്കൽ | കർഷകൻ | വയനാട് |
| 54 ശ്രീ എൻ കെ ശശി | കർഷകൻ | വയനാട് |
| 55. ശ്രീ പി. പി ജോസ് | കർഷകൻ | വയനാട് |
| 56 ശ്രീ പള്ളിയറ രാമൻ | കർഷകൻ | വയനാട് |
| 57. ശ്രീ സുനിൽ | കർഷകൻ | വയനാട് |
| 58. ശ്രീ പി പി. പ്രതീഷ് | കർഷകൻ | വയനാട് |
| 59 ശ്രീ എൻ. കെ വിജീഷ് | കർഷകൻ | വയനാട് |
| 60 ശ്രീ ഷാജി ഇമ്മാനുവൽ | കർഷകൻ | വയനാട് |
| 61 ശ്രീ. കെ വർഗ്ഗീസ് | കർഷകൻ | വയനാട് |
| 62. കുമാരി ജൂഡി തോമസ് | ടീച്ചിങ് അസിസ്റ്റന്റ് | വനശാസ്ത്ര കോളേജ്, വെള്ളാനിക്കര |
| 63. കുമാരി നീരജ എച്ച് നായർ | ടീച്ചിങ് അസിസ്റ്റന്റ് | വനശാസ്ത്ര കോളേജ്, വെള്ളാനിക്കര |
| 64. ശ്രീ. കിരൺ തോമസ് | ടീച്ചിങ് അസിസ്റ്റന്റ് | വനശാസ്ത്ര കോളേജ്, വെള്ളാനിക്കര |
| 65. ശ്രീ. ആഷിഷ് അലക്സ് | ടീച്ചിങ് അസിസ്റ്റന്റ് | വനശാസ്ത്ര കോളേജ്, വെള്ളാനിക്കര |
| 66. ശ്രീ. റനീഷ് | ടീച്ചിങ് അസിസ്റ്റന്റ് | വനശാസ്ത്ര കോളേജ്, വെള്ളാനിക്കര |
| 67 ശ്രീ സച്ചിൻ കെ. അരവിന്ദ് | ടീച്ചിങ് അസിസ്റ്റന്റ് | വനശാസ്ത്ര കോളേജ്, വെള്ളാനിക്കര |
| 68. ശ്രീമതി ജയശ്രീ | ടീച്ചിങ് അസിസ്റ്റന്റ് | വനശാസ്ത്ര കോളേജ്, വെള്ളാനിക്കര |
| 69. ശ്രീ. ശ്രീഹരി | ടീച്ചിങ് അസിസ്റ്റന്റ് | വനശാസ്ത്ര കോളേജ്, വെള്ളാനിക്കര |
| 70. ശ്രീ. നിഷാദ് ഇ. എസ്. | റിസർച്ച് അസ്സോസിയേറ്റ് | വനശാസ്ത്ര കോളേജ്, വെള്ളാനിക്കര |
| 71. ശ്രീ അജയ്ശങ്കർ | വിദ്യാർത്ഥി | വനശാസ്ത്ര കോളേജ്, വെള്ളാനിക്കര |
| 72 ശ്രീ കിരൺ മോഹൻ | വിദ്യാർത്ഥി | വനശാസ്ത്ര കോളേജ്, വെള്ളാനിക്കര |
| 73. ശ്രീ. ദീപക് | വിദ്യാർത്ഥി | വനശാസ്ത്ര കോളേജ്, വെള്ളാനിക്കര |
| 74. ശ്രീ. ആദർശ് | വിദ്യാർത്ഥി | വനശാസ്ത്ര കോളേജ്, വെള്ളാനിക്കര |
| 75. ശ്രീ. സച്ചിൻ കൃഷ്ണ | വിദ്യാർത്ഥി | വനശാസ്ത്ര കോളേജ്, വെള്ളാനിക്കര |

809449

കേരള കാർഷിക സർവ്വകലാശാല

വനശാസ്ത്ര കോളേജ്

വെള്ളാനിക്കര, തൃശൂർ

KAUP 10/100/04/2017